

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പാറശ്ശാല ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ജി.പി.1/1787/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 20/12/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാറശ്ശാല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാറശ്ശാല ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാറശ്ശാല ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ജി.പി.1/1787/2024 തീയ്യതി: 20/12/2024

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
പ്രതാപ് കുമാർ .ആർ	ഡെപ്യൂട്ടി ഡയറക്ടർ	07-10-2024	19-10-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
07-10-2024	19-10-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ലക്ഷ്മി വി.എസ്. നായർ, ഓഡിറ്റ് ഓഫീസർ
ശ്രീമതി. സ്മിത പി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. സുനിത ബാബു ബി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ബിബിൻ ബാബു, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. മഞ്ജുസ്മിത	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ. കൃഷ്ണകുമാർ .ബി.കെ	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ലീന .എസ്.എൽ	കൃഷി ഓഫീസർ	01-04-2023	31-03-2024
ശ്രീമതി. ശ്രീരമ്യ .എസ്. നായർ	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (സർക്കിൾ 1)	01-04-2023	17-07-2023
ശ്രീ. ജയകുമാർ .എൻ.കെ	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (സർക്കിൾ 1)	18-07-2023	31-03-2024
ശ്രീമതി. മിനിമോൾ	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (സർക്കിൾ 2)	01-04-2023	17-07-2023
ശ്രീമതി. ശ്രീരമ്യ .എസ്. നായർ	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ (സർക്കിൾ 2)	18-07-2023	31-03-2024
ശ്രീമതി. സോണി .എസ്.ആർ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2023	31-03-2024
ഡോ. ലിജിമോൾ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	01-04-2023	20-06-2023

ഡോ. സോണി കൃഷ്ണ .എസ്.എ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	21-06-2023	31-03-2024
ശ്രീ. ജോൺ സേവ്യർ .റ്റി	ഹെഡ് മാസ്റ്റർ	01-04-2023	31-03-2024
ശ്രീമതി. അമ്പിളി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	31-03-2024
ഡോ. സിമി ആൻസലാം	വെറ്റിനറി സർജൻ	01-04-2023	31-03-2024
ശ്രീ. അഭയൻ .ബി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	04-08-2023
ശ്രീ. സാംജി .ഇ.ആർ	അസിസ്റ്റന്റ് സെക്രട്ടറി	05-08-2023	31-03-2024
ഡോ. കെ.പി. സിന്ധുറാണി	ആയൂർവേദ മെഡിക്കൽ ഓഫീസർ	01-04-2023	31-05-2023
ഡോ. സിമി ദിവാൻ	ആയൂർവേദ മെഡിക്കൽ ഓഫീസർ (അഡീഷണൽ ചാർജ്ജ്)	01-06-2023	25-06-2023
ഡോ. സെബി .വി.ജെ	ആയൂർവേദ മെഡിക്കൽ ഓഫീസർ	26-06-2023	13-08-2023
ഡോ. സീബ .എസ്. ബാലകൃഷ്ണൻ	ആയൂർവേദ മെഡിക്കൽ ഓഫീസർ	14-08-2023	31-03-2024
ശ്രീമതി അഭിജ്ഞ യു.ജി.	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ (ഇൻചാർജ്)	01-04-2023	19-05-2023
ശ്രീമതി സിന്ധു റ്റി.	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ (ഇൻചാർജ്)	20-05-2023	31-05-2023
ശ്രീ. ശിവപ്രസാദ് .ആർ.എൽ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-06-2023	31-03-2024
ശ്രീമതി. രമ്യ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പൊരുത്തപ്പെടുന്നില്ല	1-1-2
4	കെട്ടിടങ്ങളുടെ വാടക രജിസ്റ്ററിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.	1-1-3
5	ട്രഷറി അക്കൗണ്ടുകളിലെ Redemption തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.	1-1-4
6	തൻവർഷം ആർജിച്ച ആസ്തികൾ പൂർണമായും ക്യാപിറ്റൽ കോൺട്രിബ്യൂഷനിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-1-5
7	മറ്റ് അപാകതകൾ	1-1-6
8	ബജറ്റ്	1-2
9	സാമ്പത്തിക വിശകലനം	1-3
10	ഗ്രാന്റ് വിനിയോഗം	1-4
11	പദ്ധതി അവലോകനം	1-5
12	ക്ഷേമ പദ്ധതികൾ	1-6
13	ക്യാഷ് ബാലൻസ്	1-7
14	ആഭ്യന്തരനിയന്ത്രണം	1-8
15	എം.ജി.എൻ.ആർ.ഇ.ജി.എസ് - അവലോകനം	1-9
16	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
17	ലേല തുക അടവാക്കാൻ അവശേഷിക്കുന്നു	1-11
18	വാടക കുടിശ്ശിക	1-12
19	മോട്ടോർ ഫീസ് ഈടാക്കുന്നില്ല	1-13
20	സിനിമാ തിയേറ്ററുകളിൽ നിന്ന് വിനോദനികുതി ഈടാക്കുന്നില്ല – വരവിനത്തിൽ വൻ നഷ്ടം.	1-14
21	അസംബ്ലി ബിൽഡിംഗ് - വസ്തുനികുതി ഈടാക്കൽ - അപാകങ്ങൾ.	1-15
22	മൊബൈൽ ടെലഫോൺ ടവറുകളിൽ നിന്ന് വസ്തുനികുതി ഈടാക്കൽ - അടിസ്ഥാന നികുതിയിൽ 2,33,086/- രൂപ കുടിശ്ശിക നിലനിൽക്കുന്നു.	1-16
23	തൊഴിൽനികുതി ഈടാക്കൽ - അപാകങ്ങൾ	1-17
24	വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ നിന്ന് വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു.	1-18
25	പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ നിന്ന് വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു.	1-19

26	ഭരണസമിതി യോഗമിനിട്സുകൾക്ക് സമയബന്ധിതമായി അംഗീകാരം നൽകുന്നില്ല	1-20
27	ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ.	1-21
28	ഹരിത കർമസേന & മാലിന്യ സംസ്കരണം - പ്രവർത്തനാവലോകനം	1-22
29	ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്ന് ലഭ്യമായിട്ടില്ല - 2,45,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-23
30	SBI E- Payment അക്കൗണ്ടിന്റെ റിക്കൺസിലിയേഷന്റെ ആധികാരികത വ്യക്തമല്ല.	1-24
31	GST ഇനത്തിൽ ഈടാക്കിയ തുക സർക്കാരിലേക്ക് അടവാക്കിയ രേഖകൾ ലഭ്യമാക്കിയില്ല.	1-25
32	ക്ഷീരസമൃദ്ധി - പാലിന് സബ്സിഡി ചെലവു രേഖകൾ ലഭ്യമാക്കിയില്ല - 10,00,225/- രൂപ തടസ്സപ്പെടുത്തുന്നു	1-26
33	മാനസിക വെല്ലുവിളി നേരിടുന്ന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് അനുവദിച്ചു.	1-27
34	ആശ്വാസ് ഡയാലിസിസ് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല - ചെലവ് തുക 4,56,000/- രൂപ തടസ്സപ്പെടുത്തുന്നു.	1-28
35	വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 57,24,140/- രൂപ തടസ്സപ്പെടുത്തുന്നു.	1-29
36	ബഡ്സ് സ്കൂൾ വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യ വികസനവും, സ്വയം തൊഴിൽ ലഭ്യമാക്കലും - പദ്ധതി നടത്തിപ്പിൽ -അപാകങ്ങൾ - ചെലവ് തുക 44,900/- രൂപ തടസ്സപ്പെടുത്തുന്നു.	1-30
37	മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കിയില്ല.	1-31
38	അനുവദനീയ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ല.	1-32
39	മാലിന്യ നിർമാർജ്ജന പ്രവൃത്തികൾ - കമ്പോസ്റ്റ് പിറ്റ് നിർമ്മാണം - പദ്ധതി പൂർണ്ണമായും ലക്ഷ്യം കൈവരിച്ചില്ല.	1-33
40	ലൈഫ് ഭവനപദ്ധതി - ഭൂരഹിത ഭവനരഹിതർക്കായി പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.	1-34
41	വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല - ചെലവ് തുക 2,88,000/- തടസ്സപ്പെടുത്തുന്നു.	1-35
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം	4-1

2	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ / വായ്പ തിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം	4-6
7	ഓഡിറ്റ് റിക്കവറി വിവരങ്ങൾ	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പാറശ്ശാല ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് പേയ്മെന്റ് സ്റ്റേറ്റ്മന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകള പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങള ഭരണസമിതിയുടെ 24/05/2024 തീയതിയിലെ 5(1) നം. തീരുമാനം പ്രകാരം അംഗീകര 15/06/2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട് ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫ ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനവൽ അദ്ധ്യാ 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങള പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റ് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായ രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്ന് അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡ നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നി മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെ നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടു വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കു തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപ പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുക വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്ന ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെ അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭ ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്ക് വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന് നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അത് വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമാ പാറശ്ശാല ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികക 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെ 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-1 കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷ അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ,അക്കൗണ്ടുകളിന്മേലു കുറിപ്പുകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആയത് തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊ സമർപ്പിച്ചിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റ് പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മന്റിൽ Net Cash Generated (41890686/-) എന്നത് Net Increase/Decrease In Cash And C Equivalents (27040444/-) ുമായി പൊരുത്തപ്പെടുന്നില്ല.

1-1-3 കെട്ടിടങ്ങളുടെ വാടക രജിസ്റ്ററിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

കെട്ടിടങ്ങളുടെ വാടകയിനത്തിലെ ഡിമാന്റിൽ വാർഷിക ധനകാര്യ പത്രികയിൽ തെറ്റ വിവരങ്ങൾ നൽകിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

2022-23 ലെ വാടക രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവ പ്രകാരം 79,362/- രൂപ 2023-24 കിട്ടാൻ അവശേഷിച്ചിരുന്നു (Arrear).

രജിസ്റ്റർ പ്രകാരം 2023-24 ലെ ഡിമാന്റ് - 9,75,658 /-

2023-24 ലെ കളക്ഷൻ - 9,52,934/- (കുടിശ്ശിക ഉൾപ്പെടെ)

ബാലൻസ് - 1,02,086/-

അരിയർ ഡിമാന്റ്	2023-24 ഡിമാന്റ്	ആകെ	അകെ കളക്ഷൻ	ബാലൻസ്
79,362	9,75,658	10,55,020	9,52,934	1,02,086

എന്നാൽ AFS ൽ തെറ്റായ ഡിമാന്റ് നൽകി (8,73,572/-) വാടക പൂർണമായും പിരിച്ചെടുത്തതാ കാണിച്ച് ബാലൻസ് ഷീറ്റിൽ കുടിശ്ശികയില്ലായെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 39/18.10.24) മറുപടി ലഭ്യമാക്കിയ വാടകയിനത്തിൽ ലഭ്യമാകാനുള്ള തുക 1,02,086/- രൂപ തുടർ വർഷത്തെ വാർഷിക ധനകാ പത്രികയിൽ അരിയർ ഡിമാന്റിലുൾപ്പെടുത്തി AFS ക്രമീകരിക്കേണ്ടതാണ്.

1-1-4 ട്രഷറി അക്കൗണ്ടുകളിലെ Redemption തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

LGTSB & Joint Venture എന്നീ ട്രഷറി അക്കൗണ്ടുകൾ പ്രകാരം സർക്കാർ Redemption ചെയ്ത തു 2,52,37,611/-(22988153+2249458) രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാ 2,52,97,896/- രൂപ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വ്യത്യാസം- 60,285/- രൂപ. ഇ വ്യത്യാസത്തിനു കാരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകൃയറി (നം. 39 തിയതി 18/10/2024) മറുപടി ലഭ്യമാക്കിയില്ല. തുകയുടെ കൃത്യത പരിശോധ ഉറപ്പുവരുത്തി വരും വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ തു ക്രമീകരിക്കേണ്ടതാണ്.

1-1-5 തൻവർഷം ആർജിച്ച ആസ്തികൾ പൂർണമായും ക്യാപിറ്റൽ കോൺട്രിബ്യൂഷനിൽ ഉൾപ്പെടുത്തിയിട്ടില്ല.

പഞ്ചായത്ത് വിവിധ ഫണ്ടുകൾ ഉപയോഗിച്ച് പഞ്ചായത്തിനും ഘടക സ്ഥാപനങ്ങൾക്ക ആർജിക്കുന്ന ആസ്തികൾ വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റിലെ 11(D), 11 എന്നീ ഷെഡ്യൂളിലെ നിശ്ചിത ഹെഡിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ 2023-24 ൽ വിവ പ്രോജക്ടുകൾ പ്രകാരം ആർജിച്ച എല്ലാ ആസ്തിയും നിശ്ചിത ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ട് ഇപ്രകാരം ഉൾപ്പെടുത്താത്ത ആസ്തിയുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	പ്രോജക്ട് നമ്പർ	തുക/ ഫണ്ടിനം
1	88/24 പി.എച്ച്.സി യുടെ സ്റ്റോറിൽ എ.സി വാങ്ങി സ്ഥാപിക്കൽ	1,00,000/- തനതു ഫണ്ട്
2	248/24 പരുത്തിയറയ്ക്കൽ - ആലത്തറയ്ക്കൽ ജലപാത നിർമാണം	3,50,000/- CFC ഗ്രാന്റ്
3	93/24 ഘടക സ്ഥാപനങ്ങളിൽ സോളാർ സ്ഥാപിക്കൽ	14,44,250/- മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്
4	311/24 എം.ജി.എൻ.ആർ.ഇ.ജി.എസ് ഓഫീസിലും ബഡ്സ് സ്കൂളിലും പ്രിന്ററും കമ്പ്യൂട്ടറും	1,74,584/- തനതുഫണ്ട്

A) സുലേഖ സ്റ്റേറ്റ്മന്റ് പ്രകാരം സ്ട്രീറ്റ് ലൈറ്റ് - ലൈൻ എക്സ്റ്റൻഷൻ, റോഡുകളു നിർമാണം, പാലം നിർമാണം തുടങ്ങിയ പ്രവൃത്തികൾ നിർവഹിച്ചിട്ടുണ്ട്. എന്നാൽ ആയ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം തിയതി:14/10/2024) പ്രസ്തുത ആസ്തികൾ ക്യാപിറ്റൽ കോൺട്രിബ്യൂഷനിൽ ഉൾപ്പെടുത്താ വിട്ടുപോയതാണെന്നും അടുത്ത സാമ്പത്തിക വർഷം ആയത് ക്രമീകരിക്കുന്നതാണെന മറുപടി ലഭ്യമാക്കി. അടുത്ത സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയ് ആയത് ക്രമീകരിക്കേണ്ടതാണ്.

1-1-6 മറ്റ് അപാകതകൾ

1) കാനറ ബാങ്ക് അക്കൗണ്ട് (120024179260) 2024 മാർച്ച് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മന്റ് പ്രകാ 4,619/- രൂപ Cheque Deposited But Not Cleared ഇനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചെ നമ്പർ/ വൗച്ചർ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ചെക്കിന്റെ വിശദാം ലഭ്യമാക്കേണ്ടതാണ്.

2) SBI E- Payment അക്കൗണ്ടിന്റെ (00000067387623450) ഓരോ മാസത്തെയും റിക്കൺസിലിയേഷ സ്റ്റേറ്റ്മന്റ് സംബന്ധിച്ച വിവരങ്ങളുടെ ആധികാരികത വ്യക്തമാക്കുന്ന രേഖക ലഭ്യമാക്കിയില്ല.

1-2 ബജറ്റ്

ഭരണസമിതിയുടെ 24/03/2023 -ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെല കണക്കുകൾ ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	8456581
വരവ്	78,26,17,000
ആകെ	79,10,73,581
ചെലവ്	78,53,80,656
നീക്കിയിരിപ്പ്	56,92,925

തുടർന്ന് പരിഷ്കരിച്ച ബഡ്ജറ്റ് തയ്യാറാക്കി 07/02/2024 ലെ 4-ാം നമ്പർ തീരുമാന പ്രകാരം ഭര സമിതി അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബഡ്ജറ്റ് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന

മുന്നിരിപ്പ്	8456581
വരവ്	82,35,25,470
ആകെ	83,19,82,051
ചെലവ്	82,46,40,099
നീക്കിയിരിപ്പ്	73,41,952

1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

മുന്നിരിപ്പ്	4,29,36,807
ഓഡിറ്റ് വർഷത്തെ വരവ്	17,91,09,364
ആകെ വരവ്	22,20,46,171
ഓഡിറ്റ് വർഷത്തെ ചെലവ്	15,20,68,920
നീക്കിയിരിപ്പ്	6,99,77,251

റസീപ്റ്റ് & പേയ്മെന്റിൽ നൽകിയിട്ടുള്ള വരവു ചെലവിൽ സംസ്ഥാന സർക്കാ അനുവദിച്ചിട്ടുള്ള ഗ്രാന്റുകൾ, ക്ഷേമപെൻഷനുകൾ , MGNREGS ലെ വരവു ചെലവുക സംയുക്ത പ്രോജക്ട് വരവു ചെലവുകൾ മുതലായവ ഉൾപ്പെട്ടിട്ടില്ല.

1-4 ഗ്രാന്റ് വിനിയോഗം

1

1) ഓഡിറ്റിനു ഹാജരാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മന്റ് പ്രകാരമുള്ള വരവു ചെലവു വിവരം ചുവടെ ചേർക്കുന്നു.

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട് (ജനറൽ)	0	2,96,75,507	2,96,75,507	3,60,12,606	(-)63,37,099
വികസനഫണ്ട് (എസ്.സി.പി)	0	1,13,90,257	1,13,90,257	1,11,07,412	2,82,845
വികസനഫണ്ട് (റ്റി.എസ്.പി)	0	0	0	0	0
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied)	0	47,06,500	47,06,500	88,15,170	(-)41,08,670
ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied)	0	62,75,000	62,75,000	31,13,675	31,61,325
മെയിന്റനൻസ് ഗ്രാന്റ്-റോഡ്	0	46,76,000	46,76,000	46,76,000	0
മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം	0	75,70,000	75,70,000	75,69,157	843
CSS	0	0	0	3937794	(-)39,37,794
Sss	0	0	0	1,70,99,495	(-)1,70,99,495

എ) വികസനഫണ്ട് ജനറൽ, എസ്.സി.പി എന്നിവയുടെ വരവിൽ സോഴ്സ് ഡിഡക്ഷ ഉൾപ്പെടുത്താതെയും ചെലവിൽ സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടുത്തിയുമാണ് ഗ്രാന്റ് സ്റ്റേറ്റ്മ തയ്യാറാക്കിയിരിക്കുന്നത്.

ബി) സി.എഫ്.സി ഗ്രാന്റ് 2022-23 ലെ നീക്കിയിരിപ്പ് തുക തൻവർഷം ഓപ്പണിംഗ് ബാലൻസാ ഗ്രാന്റ് സ്റ്റേറ്റ്മന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) സർക്കാർ ഉത്തരവുകളെ ആധാരമാക്കി വികസനഫണ്ട് സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയു വരവു ചെലവു വിവരം ചുവടെ ചേർക്കുന്നു.

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ് (സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെ)	നീക്കിയിരിപ്പ്
വികസനഫണ്ട് (ജനറൽ)	0	3,78,99,000	3,78,99,000	3,60,12,606	18,86,394
വികസനഫണ്ട് (എസ്.സി.പി)	0	1,22,67,000	1,22,67,000	1,11,07,412	11,59,588

3) സി.എഫ്.സി ഗ്രാന്റ് മുന്നിരിപ്പ് ഉൾപ്പെടെയുള്ള വരവു ചെലവു വിവരം ചുവടെ ചേർക്കുന
.

ഗ്രാന്റിനം	മുന്നിരിപ്പ് (ഇ- ഗ്രാം സ്വരാജ് സ്റ്റേറ്റ്മെന്റ്)	വരവ് (പലിശ ഉൾപ്പെടെ)	ആകെ	ചെലവ് (സുലേഖസ്റ്റേറ്റ്മെന്റ് & ഗ്രാന്റ് സ്റ്റേറ്റ്മെന്റ്)	നീക്കിയിരിപ്പ്
സി.എഫ്.സി അൺടൈഡ്	2080846	6546304	86,27,150	31,13,675	55,13,475
സി.എഫ്.സി ടൈഡ്	6820412	4706500	11526912	88,15,170	27,11,742
ആകെ	8901258	1,12,52,804	20154062	1,19,28,845	82,25,217

** ഇനം തിരിച്ചുള്ള മുന്നിരിപ്പ് തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

AFS പ്രകാരം മുന്നിരിപ്പ് (2022-23 B4-ഷെഡ്യൂൾ)	
അൺടൈഡ്	70,05,975
ടൈഡ്	17,69,056

1-5 പദ്ധതി അവലോകനം

(എ) 2023-24 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിര എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥർ	ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴികെ)	ആകെ പദ്ധതി ചെലവ്	ചെലവ് ശതമാനം
കൃഷി ഓഫീസർ	13	13	0	27,25,990	26,78,403	98
വെറ്ററിനറി സർജൻ	11	8	3	47,99,930	29,87,818	62
മെഡിക്കൽ ഓഫീസർ -പി.എച്ച്.സി	22	20	2	71,33,929	31,48,514	44
മെഡിക്കൽ ഓഫീസർ- ആയുർവേദം	13	11	2	41,51,745	36,06,611	86
സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	1	1	0	40,000	40,000	100
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	23	19	4	18,61,10,715	4,34,34,297	23.33
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	20	19	1	99,24,752	86,88,871	87
സെക്രട്ടറി	50	35	15	5,77,38,652	2,20,19,650	38
അസിസ്റ്റന്റ് എഞ്ചിനീയർ	116	72	44	4,36,02,057	2,09,64,697	48.08
ഹെഡ് മാസ്റ്റർ	18	11	7	66,50,566	41,49,103	62

ഡയറി ഫാം ഇൻസ്ട്രക്ടർ	1	1	0	1800000	10,00,225	55
അസി.സെക്രട്ടറി	18	8	10	36,66,700	14,66,969	40

2023-24 സാമ്പത്തിക വർഷം സർക്കാർ ഗ്രാന്റുകൾ ലഭ്യമാകാൻ കാലതാമസം നേരിട്ടെങ്കിലും കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് പഞ്ചായത്തിനു സാധിച്ചിട്ടുണ്ടെന്നത് അഭിനന്ദനീയമാണ്.

സ.ഉ.(കൈ)നം 84/2022/ ത.സ്വ.ഭ.വ , തിയതി 19/04/2022 ഉത്തരവു പ്രകാരം വാർഷിക പദ്ധ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരമു നടപടി ക്രമങ്ങൾ പൂർണമായും പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും സ്വീകരിച്ചിട്ട് വിശദാംശം ചുവടെ ചേർക്കുന്നു.

1) ആസൂത്രണ സമിതി

എ) ഖണ്ഡിക 3-1-1(എ) പ്രകാരം ഓരോ വർഷവും നവംബർ 1 നു മുൻപ് ആവശ്യമെങ്ക് ആസൂത്രണസമിതി പുന:സംഘടിപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആസൂത്രണ സമി പുന:സംഘടിപ്പിച്ചില്ല. നിലവിലുണ്ടായിരുന്ന ആസൂത്രണസമിതി അംഗങ്ങളെ തെ തുടരുന്നതിന് അനുവദിച്ചു.

ബി) ഖണ്ഡിക 3-1-1(എ)-(7) പ്രകാരം ആസൂത്രണസമിതി തുടർച്ചയായി പ്രവർത്തിക്കുന്നുവെ ഭരണസമിതി ഉറപ്പാക്കണം. പദ്ധതി ആസൂത്രണ പ്രക്രീയ നടക്കുന്ന കാലയളവ് ആവശ്യാനുസരണവും അതിനുശേഷം കുറഞ്ഞത് മൂന്നുമാസത്തിലൊരിക്കലെങ്കിൽ ആസൂത്രണസമിതി യോഗം ചേരണം. ആസൂത്രണസമിതിയുടെ മിനിട്ട്സ് പ്രകാരം 2023-24 രണ്ട് മീറ്റിംഗ് കൂടിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മിനിട്ട്സ് രേഖപ്പെടുത്തിയിട്ട് പങ്കെടുത്തവരുടെ ഒപ്പ് മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. ഖണ്ഡിക 3-1-1(ബി)യ് ആസൂത്രണസമിതിയുടെ 17 ചുമതലകൾ വിവരിച്ചിട്ടുണ്ട്. പ്രസ്തുത ചുമതലക നിർവഹിച്ചതായി മിനിട്ട്സ് ബുക്കിൽ യാതൊന്നും രേഖപ്പെടുത്തിയിട്ടില്ല.

2) വർക്കിംഗ് ഗ്രൂപ്പുകൾ & ഗ്രാമസഭ

വർക്കിംഗ് ഗ്രൂപ്പുകൾ 2023-24 സാമ്പത്തിക വർഷത്തെ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെ രണ്ട് പ്രാവശ്യം മാത്രമാണ് മീറ്റിംഗ് കൂടിയിട്ടുള്ളത്. പദ്ധതി അംഗീകാരം നേടിയ ശേ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണമെന്ന് മാർഗരേഖയ് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും മോണിറ്ററിംഗ് നിർവഹിച്ചിട്ടില്ല. യാതൊരു പദ്ധതിയ നടപ്പിലാക്കിയതു സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ 20 24 വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട ചുമതലകൾ നിർവഹിച്ചതാ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്ട്സ് പൂർത്തിയാക്കിയിട്ട് ഉദാഹരണം - പൊതുഭരണവും ധനകാര്യവും

3) സ്റ്റാറ്റസ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കി വർക്കിംഗ് ഗ്രൂപ്പുകൾ വാർഷിക പദ്ധതിയിലെ കരട് പ്രോജക്ട് തയ്യാറാക്കി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതും ഗ്രാമസഭകളിലെ ചർച്ചയ്ക്ക് അനുസ്യതമായി ഭരമസമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ഇത്തരം ചുമതലകളൊന നിർവഹിച്ചിട്ടില്ല. (ഖണ്ഡിക3-1-1(സി))

4) ഖണ്ഡിക 5-2-(ബി)-1 പ്രകാരം ഖരമാലിന്യസംസ്കരണം, ദ്രവമാലിന്യസംസ്കരണ ഇതരമാലിന്യസംസ്കരണം എന്നീ പ്രോജക്ടുകൾക്ക് മുൻഗണന നൽകണമെ നിർദ്ദേശിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണം, ശുചിത്വം എന്നിവയ്ക്ക് വേണ്ടത്ര പ്രാധാന നൽകിയിട്ടില്ല. ഉദാഹരണമായി -- പുത്തൻകട മാർക്കറ്റിനുള്ളിൽ ബ്ലോക്ക് പഞ്ചായത്ത് 2022 4 ടോയ് ലറ്റ് ഉൾപ്പെടുത്തി ഒരു കെട്ടിടം പണിതിട്ടുണ്ട്. അതിൽ ശരിയായ വിധം ജല ലഭ്യ നാളിതുവരെ നൽകിയിട്ടില്ല. അവിടെ വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ല. ഇത്ത പ്രവർത്തനങ്ങളിൽ ഭരണസമിതിയുടെ ശ്രദ്ധ ആവശ്യമാണ്. ആയത് നൽകാൻ സാധിച്ചിട്ടില്ല

5) 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3(3) പ്രകാരം മൂന്നു മാസത്തിലൊരിക്ക ഗ്രാമസഭായോഗം കൂടേണ്ടതാണ്. എന്നാൽ 2023-24 ൽ രണ്ടു ഗ്രാമസഭായോഗങ്ങളാണ് എ

വാർഡിലും കൂടിയിട്ടുള്ളത് (6/2023 ലും 12/2023).

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം. 43 തിയതി 19/10/2024)മറുപ ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവുകൾക്കനുസതമായി വർക്കിംഗ് ഗ്രൂപ്പുക ആസൂത്രണസമിതി മുതലായവയുടെ മീറ്റിംഗുകൾ കൂടുന്നതിനും പദ്ധതി ആസൂത്രണ മോണിറ്ററിംഗ് മുതലായവ നിർവഹിക്കുന്നതിനും ഭരണസമിതി പ്രാധാന്യം നൽകേണ്ടതാണ

1-6 ക്ഷേമ പദ്ധതികൾ

2023-24സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽ രഹിത വേതനം	0	0
കർഷക തൊഴിലാളി പെൻഷൻ	79,89,000	638
വിധവാ പെൻഷൻ	2,39,26,000	2263
വാർദ്ധക്യകാല പെൻഷൻ	4,34,45,100	4661
വികലാംഗ പെൻഷൻ	98,71,200	884
വിവാഹ ധനസഹായം	3,00,000	10
അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	5,95,000	52

1-7 ക്യാഷ് ബാലൻസ്

പാറശ്ശാല ഗ്രാമപ്പഞ്ചായത്തിന്റെ 2023-24 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി, 1994 ലെ കേ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻ ഭൗതികപരിശോധന 17.10.2024 തീയതി 2.20 PM മണിക്ക് ഉത്തരവാദപ്പെട്ട ജീവനക്കാരിയു സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് തുകയുടെ കൃത്യ ബോധ്യപ്പെട്ടു. ക്യാഷ് ബാലൻസിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

ഡേ ബുക്ക് പ്രകാരം നീക്കിയിരിപ്പ് (രൂപ)	ഭൗതികപരിശോധനയിൽ കണ്ട നീക്കിയിരിപ്പ് (രൂപ)
3,306/-	3,306/-

1-8 ആഭ്യന്തരനിയന്ത്രണം

ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്നുറ വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ട കൺവീനറുമായി മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്. ടോക്കൺ സംവിധാ ഏർപ്പടുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ ISO സർട്ടിഫിക്കേഷന്റെ കാലാവധി 11.12.21 അവസാനിച്ചു. ഫൈനൽ ഓഡിറ്റ് 25.7.24 ന് നടക്കുകയും ആയത് പ്രകാരം സർട്ടിഫിക്കേഷ ലഭിക്കുകയും ചെയ്തു. പഞ്ചായത്തിൽ 8.2.24ലെ സ്റ്റാഫ് മീറ്റിംഗ്, സെക്രട്ടറിയുടെ 8.1.24ഓഫീ ഉത്തരവ് പ്രകാരം നികുതി പിരിവ് ഊർജ്ജിതമാക്കുന്നിന് നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാ ആർ.ആർ നടപടികൾ ഉൾപ്പടെ നികുതി പിരിവ് 86% ആയിട്ടുണ്ട്.
ഭരണസമിതി യോഗമിനിസ്സുകൾക്ക് സമയബന്ധിതമായി അംഗീകാരം നൽകുന്നത ശ്രദ്ധിക്കേണ്ടതാണ്. തനത് വരുമാനം ഈടാക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാ സർക്കാർ നിർദ്ദേശങ്ങളനുസരിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഭരണസമി ശ്രദ്ധിക്കേണ്ടതാണ്. നടപ്പിലാക്കുന്ന പദ്ധതികളുടെ തുടർ പ്രവർത്തനങ ഊർജ്ജസ്വലമാക്കുന്നതിന് പഞ്ചായത്ത് അധികൃതർ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവ ശ്രദ്ധ ചെലുത്തേണ്ടതാണ്.

1-9 എം.ജി.എൻ.ആർ.ഇ.ജി.എസ് - അവലോകനം

2023-24 ലെ എം.ജി.എൻ.ആർ.ഇ.ജി.എസ് ന്റെ (തൊഴിലുറപ്പ് പദ്ധതിയു പ്രവർത്തനാവലോകനം ചുവടെ ചേർക്കുന്നു (ഓഡിറ്റ് എൻകയറി നം. 08 / 09.10.204, 3 18.10.2024, 38 / 18.10.2024 എന്നിവയ്ക്ക് അക്രഡിറ്റഡ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപ വാർഷിക ധനകാര്യപത്രിക, അനുബന്ധരേഖകൾ എന്നിവയുടെ അടിസ്ഥാനത്ത് തയ്യാറാക്കിയത്).

I) വരവ്-ചെലവ് വിവരം:

ഇനം	മുന്നിരിപ്പ്	തൻവർഷ വരവ്	ആകെ വരവ്	ചെലവ്	നീക്കിയിരിപ്പ്
ഭരണച്ചെലവുകൾ	0	14,18,000	14,18,000	14,18,000	0
ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കിയത്	0	12,83,64,988	12,83,64,988	12,83,64,988	0
ആകെ	0	12,97,82,988	12,97,82,988	12,97,82,988	0

II) പ്രവർത്തന വിവരം:

പുതിയതായി തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം	141
പുതിയതായി തൊഴിൽ കാർഡ് എടുത്തവർ ഉൾപ്പെടെ ആകെ തൊഴിലാളികളുടെ എണ്ണം	10751
തൊഴിൽ ഡിമാൻഡ് ചെയ്ത കുടുംബങ്ങളുടെ എണ്ണം	6670
100 തൊഴിൽ ദിനം ലഭിച്ചവരുടെ എണ്ണം	1758
ഗ്രാമപ്പഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം	466
തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം	217
പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം	23
സോഷ്യൽ ഓഡിറ്റ് നടത്തിയ ഗ്രാമസഭകളുടെ എണ്ണം	46
വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം	1646
അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം	1646
തൻവർഷം പൂർത്തീകരിച്ച പുതിയ പദ്ധതികളുടെ എണ്ണം	645
തൻവർഷം പൂർത്തീകരിച്ച സ്പിൽ ഓവർ പദ്ധതികളുടെ എണ്ണം	0
ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം	0
തൻവർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം	342254
ലേബർ കമ്പോണന്റ് ഇനത്തിലെ ആകെ പ്രവൃത്തികളുടെ എണ്ണം.	538
ലേബർ കമ്പോണന്റ് ഇനത്തിലെ ആകെ ചെലവ്	11,11,46,738
മെറ്റീരിയൽ കമ്പോണന്റ് ഇനത്തിലെ ആകെ പ്രവൃത്തികളുടെ എണ്ണം.	542
മെറ്റീരിയൽ കമ്പോണന്റ് ഇനത്തിലെ ആകെ ചെലവ്	1,72,12,503

III) അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതി നടത്തിപ്പിന്റെ വിവരം:

പ്രവൃത്തി ഇനം	ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികളുടെ വിവരം		നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരം		
	എണ്ണം	ആവശ്യമായ മനുഷ്യദിനങ്ങൾ	പ്രവൃത്തികളുടെ എണ്ണം	ഉപയോഗിച്ച മനുഷ്യദിനങ്ങൾ	നടപ്പിലാക്കലിന് ശതമാനം
ചെറുകിട മണ്ണ് - ജല	253	235177	242	212413	96

സംരക്ഷണം					
വ്യക്തിഗത ഗ്രൂപ്പിൽ ഉൾപ്പെട്ടവ	1126	258100	806	85420	72
എസ്.എച്ച്.ജി വർക്ക് ഷെഡ്	4	15434	0	0	0
അടിസ്ഥാന ഗ്രാമീണ വികസനം	263	216989	32	44421	12
ആകെ	1646	725700	1080	342254	65.6

IV) മെറ്റീരിയൽ വർക്ക് - പൂർത്തിയാക്കിയ പ്രവൃത്തികളുടെ വിവരം:

2023-24 ൽ പൂർത്തിയാക്കിയ പ്രവൃത്തികളുടെ എണ്ണം	ചെലവുതുക	ലഭ്യമായ തുക	ലഭ്യമാകാൻ അവശേഷിക്കുന്ന തുക
42	14,92,952	14,92,952	0

V) സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി 2023-24 ൽ ഓരോ പഞ്ചായത്തും നിർവഹിക്കേ ആസ്തി നിർമാണ പ്രവർത്തനങ്ങൾ, എം.ജി.എൻ.ആർ.ഇ.ജി.എസ്, എൽ.എസ്.ജി.ഡി പ്രോഗ്ര കോ-ഓർഡിനേറ്റർ, 30.06.2023 ൽ ബ്ലോക്ക് അടിസ്ഥാനത്തിൽ വിഭജിച്ച് നല്കിയിരുന അതുപ്രകാരം പാറശ്ശാല പഞ്ചായത്തിന് നല്കിയിരുന്ന ആസ്തിനിർമാണ പ്രവർത്തനങ്ങളു വിവരം:

ആസ്തിയുടെ ഇനം	നടപ്പിലാക്കേണ്ടവയുടെ എണ്ണം	നടപ്പിലാക്കിയവയുടെ എണ്ണം
Farm Pond	6	1
Cattle Shed	18	22
Goat Shed	18	17
Poultryshed	18	32
Azola Tank	7	7
SHG Work Shed	5	0
Compost Pit	230	8
Soak Pit	1150	184
Well Recharge	36	20

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോർമൻസ് ഓഡിറ്റ്	30.12.2021 മുതൽ 01.01.2022 വരെ	01.01.2021 മുതൽ 31.07.2021 വരെ	ലഭ്യമായിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	28.09.2018	2013-14 മുതൽ 2017-18 വരെ	01.12.2018

1-11 ലേല തുക അടവാക്കാൻ അവശേഷിക്കുന്നു

ലേല രജിസ്റ്റർ പരിശോധനയിൽ 44,500 രൂപ അടവാക്കാൻ അവശേഷിക്കുന്നു.വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ.നമ്പർ	ഇനം	ലേലക്കാരൻ	ലേല തുക	അടവാക്കിയ തുക	അടവാക്കാൻ അവശേഷിക്കുന്ന

					തുക
1	പൊന്നംകുളം കുളവരമ്പിലെ തെങ്ങുകൾ	സെബാസ്റ്റ്യൻ, വാറുവിള വീട്, മാണൻകോട്	12,000/-	0	12,000/-
2	വണ്ടിച്ചിറ മോഡൽ തെങ്ങ് ഫാമിലെ തെങ്ങുകൾ	സെബാസ്റ്റ്യൻ, വാറുവിള വീട്, മാണൻകോട്	32,500/-	0	32,500/-

ലേല തുക അടവാക്കാൻ അവശേഷിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ ഓഡ അന്വേഷണക്കുറിപ്പിന് (42 /19.10.2024) മറുപടിയായി നോട്ടീസ് നൽകിയിട്ടുണ്ടെന്നും റവ റിക്കവറിയിലൂടെ തുക അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതാ അറിയിച്ചു. കുടിശ്ശിക തുക വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്ത തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതും ലേലക്കാരനിൽ നിന ഈടാക്കി, വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതുമാണ്.

1-12 വാടക കുടിശ്ശിക

വാടകരജിസ്റ്റർ പരിശോധനയിൽ ചുവടെ ചേർക്കുന്ന കടമുറിയിൽ നിന്നും വാട ഈടാക്കിയിട്ടില്ല.

സ്റ്റാൾ നമ്പർ	വാടകക്കാരൻ	പ്രതിമാസ വാടക	വാടക ഈടാക്കാൻ അവശേഷിക്കുന്ന മാസങ്ങൾ	തുക (ജി.എസ്.ടി ഉൾപെടെ)
SHR 11	സെക്രട്ടറി, പിന്നോക്ക വികസന സഹകരണ സംഘം	2001 + ജി.എസ്.ടി(18%) -360	ഏപ്രിൽ 2023 മുതൽ മാർച്ച് 2024 വരെ	28,332/-

കടമുറികളുടെ വാടക ഈടാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (28/17.10.2024) വാടക അടവാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് മറുപടി നൽ അവശേഷിക്കുന്ന വാടക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 മോട്ടോർ ഫീസ് ഈടാക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരം പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ) ചട്ടം 17, 18, പട്ട 3 എന്നിവ പ്രകാരം യന്ത്രത്തിന്റെ കുതിരശക്തിക്കനുപാതികമായി നിശ്ചിത മോട്ടോർ ഫീ ഈടാക്കേണ്ടതാണ്. എന്നാൽ 2023-24 സാമ്പത്തിക വർഷത്തേയ്ക്ക് ഫാക്ടറി വ്യാപ ലൈസൻസ് എടുക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ പരിശോധനയ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിലും വൈദ്യുതി കൊണ്ടു പ്രവർത്തിക്കു യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അപേക്ഷകരുടെ പേര്	സ്ഥാപനത്തിന്റെ പേര്	വാർഡ്	ഉപയോഗിക്കുന്ന വൈദ്യുത യന്ത്രത്തിന്റെ കുതിരശക്തി	ഈടാക്കേണ്ട തുക
എസ് മാധവൻ	എസ് എം പ്രിൻന്റേഴ്സ്, പവതിയാൻവിള	8	2HP	50/-
സോളമൻ	സോളമൻ ഹോളോബ്രിക്സ്,	1	6.5HP	100/-

	ചെറുവട്ടൂർപൊറ്റ			
അനിൽകുമാർ റ്റി	ഫ്രണ്ട്സ് ഹോളോബ്രിക്സ്, അഞ്ചാലിക്കോണം	22	6.5HP	100/-
ഡേവിഡ് രാജ് ആർ	പി ആർ ഫ്ളോർ മിൽ, പി പി എം ജംഗ്ഷൻ	17	18HP	200/-
സനിൽകുമാർ റ്റി	നക്ഷത്ര ഗ്രൂപ്പ്, മേലേക്കോണം	22	2.5HP	50/-
ആർ രാജൻ	രേഷ്മ ഓയിൽ മിൽ, പരശുവയ്ക്കൽ	6	15HP	200/-
അഷറഫ് എസ്	എ ആർ ഫ്ളോർ മിൽ, ഇഞ്ചിവിള	16	10 HP	100/-
എയ്ഞ്ചൽ പി ജോസ്	ലൂമിനി ഇൻഡസ്ട്രീസ്, അയ്ങ്കാമം	17	25HP	300/-

മോട്ടോർ ഫീസ് ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന 41/18.10.2024) മറുപടിയായി മോട്ടോർ ഫീസ് അടവാക്കത്തവർക്ക് നോട്ടീ നൽകിയിട്ടുണ്ടെന്നും കുടിശ്ശികയായി തുക അവരിൽ നിന്നും ഈടാക്കുന്നതാണെന അറിയിച്ചു.

യന്ത്രങ്ങളുടെ കുതിരശക്തിയുടെ അടിസ്ഥാനത്തിലുള്ള മോട്ടോർ ഫീസ് അടവാക്കാ സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ ഫീസ് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാ

1-14 സിനിമാ തിയേറ്ററുകളിൽ നിന്ന് വിനോദനികുതി ഈടാക്കുന്നി – വരവിനത്തിൽ വൻ നഷ്ടം.

സ.ഉ(കൈ)നം. 112/2019/തസ്വഭവ, 31.08.20219, സ.ഉ(കൈ) നം. 17/2024/തസ്വഭവ, 31.01.2 എന്നിവ പ്രകാരം, സിനിമാ തിയേറ്റർ ജി.എസ്.ടി ഒടുക്കുവരുത്തുന്ന ടിക്കറ്റുകളുടെ എണ്ണത്ത അനുസ്യൂതമായി സിനിമാ ടിക്കറ്റുകളിന്മേൽ നിശ്ചിത നിരക്കുകളിൽ വിനോദനികു ഈടാക്കേണ്ടതുണ്ട്. അത്തരത്തിൽ വിനോദനികുതി ഈടാക്കിയതിന്റെ വിവരം രേഖക സഹിതം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകയറിക്ക് (നം. 03/07.10.2024) 08.10.2 ൽ സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ പാറശ്ശാല ഗ്രാമപ്പഞ്ചായത്തിനുള്ളിൽ തിയേറ്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവയിൽ നിന്ന് 2023-24 വർഷം വിനോദനികു ഈടാക്കിയിട്ടില്ലെന്നും അറിയിക്കുകയുണ്ടായി. വിനോദനികുതി ഈടാക്കാത്തതിലൂ പഞ്ചായത്തിന് വൻ തുക വരവിനത്തിൽ നഷ്ടമായിരിക്കുന്നു. സർക്കാർ ഉത്തരവുകൾ പാല നികുതി കൃത്യമായി ഡിമാൻഡ് ചെയ്ത് പിരിച്ചെടുക്കുന്നതിനുള്ള അടിയന്തരനടപടിക സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ സത്വര ഇടപെട ഉണ്ടാകേണ്ടതുണ്ട്.

1-15 അസംബ്ലി ബിൽഡിംഗ് - വസ്തുനികുതി ഈടാക്കൽ - അപാകങ്ങ

സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ പരിശോധിച്ചതിൽ അസംബ്ലി ബിൽഡി കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, കല്യാണമണ്ഡപം, സിനിമാ തിയേറ്റർ, മുതലായ വിഭാഗത്തിൽ ഉൾപ്പെട്ട ചുവടെപ്പറയുന്ന കെട്ടിടങ്ങളിൽ നിന്നും വസ്തുനികുതിയും ലൈബ്ര സെസ്സും പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

ക്രമ നം.	പേര്	ഡോർ നം.		അടിസ്ഥാന വസ്തുനികുതി		ആകെ
			വർഷം	I അർദ്ധവർഷം	II അർദ്ധവർഷം	

1	Mount Sinoy, Peruvila	3/442/A	2021	1238	1237	2475
			2022	1238	1237	2475
			2023	1300	1299	2599
2	CSI Church, Palukal	11/90/A	2023	5425	5424	10849
3	Rakshithra Jagan	12/274/B	2023	3116	3116	6232
4	Sub Group Officer, Parassala Devaswom	14/561	2020	1485	1485	2970
			2021	1485	1485	2970
			2022	1485	1485	2970
			2023	1560	1559	3119
5	N Sankar, N R Ajitha	14/850	2013	80	147	227
ആകെ						**36886**

ഇത് സംബന്ധിച്ച് നല്കിയ 07/08.10.2024 നമ്പർ ഓഡിറ്റ് എൻകൃയറിക്ക്, മേൽ പട്ടികയിലെ ക്ര നം. 1, 2, 3, 4 എന്നീ കെട്ടിടങ്ങളിലെ വസ്തുനികുതി, ലൈബ്രറി സെസ്സ് എന്നിവ റവന്യൂ റിക്കവ മുഖേന ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു എന്ന് 08.10.2024 ൽ സെക്രട്ടറി മറുപ നല്കിയിട്ടുണ്ട്.

അസംബ്ലി ബിൽഡിംഗുകളുടെ അടിസ്ഥാന വസ്തുനികുതി സർക്കാർ നിർദേശപ്രകാരം ഭരണസമിതി തീരുമാനിച്ച നിരക്കിലും കൃത്യമായി ഈടാക്കാനും അതിലൂടെ വരവ് നഷ തടയാനും ശ്രദ്ധിക്കേണ്ടതാണ്. നികുതി കുടിശ്ശികയും ആനുപാതികമായ ലൈബ്രറി സെസ്സ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-16 മൊബൈൽ ടെലഫോൺ ടവറുകളിൽ നിന്ന് വസ്തുനികുതി ഈടാക്കൽ - അടിസ്ഥാന നികുതിയിൽ 2,33,086/- രൂപ കുടിശ്ശിക നിലനിൽക്കുന്നു.

സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ പരിശോധിച്ചതിൽ ചുവടെ പറയുന്ന മൊബൈ ടെലഫോൺ ടവറുകളിൽ നിന്ന് വസ്തുനികുതി കുടിശ്ശിക, ലൈബ്രറി സെസ്സ് ഉൾപ്പെ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

ക്രമ നം.	പേര്	ഡോർ നം.		അടിസ്ഥാന വസ്തുനികുതി		ആകെ
			വർഷം	I അർദ്ധവർഷം	II അർദ്ധവർഷം	
1	BSNL	3/447	2023	11550	11550	23100
2	BSNL Telecom	7/555	2023	5775	5775	11550
3	Dishnet Wireless Ltd.	14/1363	2017	-	2334	2334
			2018	12900	12900	25800
			2019	12900	12900	25800
			2020	12900	12900	25800
			2021	12900	12900	25800
			2022	12900	12900	25800
			2023	13545	13545	27090
4	BSNL Telecom	21/659	2023	6353	6352	12705
5	Reliance Communications Ltd.	23/693	2022	6382	6750	13132
			2023	7088	7087	14175
ആകെ						**2,33,086**

ഇത് സംബന്ധിച്ച് 08.10.2024 ൽ നല്കിയ 06 നമ്പർ ഓഡിറ്റ് എൻകൃയറിക്ക് 08.10.2024 സെക്രട്ടറി മറുപടി നല്കുകയുണ്ടായി. മേൽ പട്ടികയിലെ ക്രമ നം. 1, 2, 4 എന്നീ കെട്ടിടങ്ങളിലെ വസ്തുനികുതി, ലൈബ്രറി സെസ്സ് എന്നിവ റവന്യൂ റിക്കവറി മുഖേന ഈടാക്കുന്നതിനു

നടപടി സ്വീകരിച്ചുവരുന്നു എന്നും, ക്രമ നം. 3 ലെ കുടിശ്ശികയുമായി ബന്ധപ്പെട്ട് കോട വ്യവഹാരം നടക്കുന്നതിനാൽ റിട്ട് പെറ്റിഷന്റെ അന്തിമവിധിക്ക് വിധേയമായി മാത്രമേ തു ഈടാക്കാൻ സാധിക്കുകയുള്ളൂ എന്നും, ക്രമ നം. 5 മേൽ റവന്യൂ റിക്കവറി ഓൺലൈ ചെയ്തിട്ടുണ്ട് എന്നും പ്രസ്തുത മറുപടിയിലൂടെ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

വസ്തുനികുതി കുടിശ്ശികയും ആനുപാതികമായ ലൈബ്രറി സെസ്സും മൊബൈ ടവറുകളിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-17 തൊഴിൽനികുതി ഈടാക്കൽ - അപാകങ്ങൾ

2023-24 വർഷത്തെ തൊഴിൽനികുതി ഈടാക്കലുമായി ബന്ധപ്പെട്ട പരിശോധനയ് ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു:

1) പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ, അർദ്ധ സർക്കാ പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ വാർഡ് തിരിച്ചുള്ള വിവര രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2) അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പ്രൊഫഷണലുകൾ, ഹെവി വാഹന ഉടമക റേഷൻ വ്യാപാരികൾ, മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് 60 ദിവസത്തിലധികം പ്രവൃത്ത നിർവഹിച്ച കരാറുകാർ തുടങ്ങി തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായവരു സമ്പൂർണ്ണ വിവരം ഉൾപ്പെടുന്ന രജിസ്റ്റർ തയ്യാറാക്കി അവരിൽ നിന്ന് നിയമാനുസൃത തൊഴ് നികുതി ഈടാക്കിയിട്ടില്ല.

3) വ്യാപാര സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ലൈസൻസ് അപേക്ഷയിലെ വിവരങ്ങളുമാ ജീവനക്കാരുടെ എണ്ണം പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കുന്നില്ല.

4) ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയ, താഴെപ്പറയുന്ന സ്ഥാപനങ്ങള് നിന്ന് രണ്ടാം അർദ്ധവർഷത്തെ നികുതി ഈടാക്കിയിട്ടില്ല.

I) ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, പാറശ്ശാല

Ii) ഇൻഡസ് ഇൻഡ് മാർക്കറ്റിംഗ് & ഫിനാൻഷ്യൽ സർവീസ് പ്രൈവറ്റ് ലിമിറ്റഡ്

Iii) ഖാൻസ് ഹോസ്പിറ്റൽ, പാറശ്ശാല

Iv) കെ.എൽ.എം ആക്സിവ പ്രൈവറ്റ് ലിമിറ്റഡ്

V) എൻ.എച്ച്.എം. ആയുഷ് സിദ്ധ പി.എച്ച്.സി, പാറശ്ശാല

5) രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം 2023-24 ൽ 124 സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരു തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത സ്ഥാപനങ്ങളുടെ സ്ഥാപ തൊഴിൽനികുതി ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല.

അപാകങ്ങൾക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നല്കിയ 02/07.10.2024 നമ്പർ ഓഡ എൻകയറിക്ക് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾ പരിഹരിക്കേണ്ടതും വ വർഷങ്ങളിൽ, പഞ്ചായത്തിന്റെ തനത് വരുമാനത്തിന്റെ പ്രധാന സ്രോതസ്സുകളിലൊന്ന തൊഴിൽനികുതി കൃത്യമായി പിരിച്ചെടുക്കേണ്ടതുമാണ്.

1-18 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ നിന്ന് വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു.

വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കുന്നതുമാ ബന്ധപ്പെട്ട് സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ:

1) 100 ച.മീ. ൽ കൂടുതൽ വിസ്തീർണമുള്ള 27 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ 100 ച. വരെയുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി ഈടാക്കിയിരിക്കുന്നു.

ക്രമ നം.	ഡോർ നം.	വിസ്തീർണം (Sq.M)
1	7/238/A	287.24
2	7/447	170.00

3	8/720	306.00
4	8/723	109.00
5	8/730	263.00
6	10/776	250.00
7	14/224	110.00
8	14/298	107.64
9	14/726	147.00
10	14/775	105.00
11	14/830	130.00
12	15/732/A	250.00
13	17/572	146.00
14	17/577	105.68
15	17/704	150.00
16	17/706	166.00
17	18/212	404.00
18	19/273	200.00
19	19/383/D	133.23
20	19/383/E	124.91
21	20/332	160.00
22	21/63/C	206.00
23	21/129/D	310.00
24	21/611	160.00
25	23/650	130.00
26	23/794	182.00
27	23/802/D	110.40

2) പല കെട്ടിടങ്ങൾക്കും വസ്തുനികുതി, ലൈബ്രറി സെസ്സ് എന്നിവ കുടിശ്ശിക ഉള്ളതാ കാണുന്നു. ഉദാ: -

ഡോർ നം. 8/730 - 2021, 2022, 2023 വർഷങ്ങൾ

ഡോർ നം. 10/776 – 2013 മുതൽ 2023 വരെയുള്ള വർഷങ്ങൾ

ഡോർ നം. 14/726 - 2023 വർഷം

ഡോർ നം. 15/732A – 2021, 2022 വർഷങ്ങൾ

ഡോർ നം. 17/704 – 2013 മുതൽ 2023 വരെയുള്ള വർഷങ്ങൾ

ഡോർ നം. 20/332 – 2019 മുതൽ 2023 വരെയുള്ള വർഷങ്ങൾ

ഡോർ നം. 21/129D –2023 വർഷം

ഡോർ നം. 21/611 – 2018 മുതൽ 2023 വരെയുള്ള വർഷങ്ങൾ

അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകുയറിക്ക് (ര 31/17.10.204) മറുപടി ലഭ്യമായിട്ടില്ല. സർക്കാർ നിർദേശത്തിന്റെ അടിസ്ഥാനത്ത ഭരണസമിതി തീരുമാനിച്ച നിരക്കിൽ വസ്തുനികുതി നിർണയിച്ച്, ലൈബ്രറി സെ ഉൾപ്പെടെ, കുടിശ്ശികയില്ലാതെ പിരിച്ചെടുക്കേണ്ടതാണ്.

1-19 പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ നിന്ന് വസ്തുനികുതി കുറഞ്ഞ നിരക്കിൽ ഈടാക്കുന്നു.

പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ നിന്ന് വസ്തുനികുതി ഈടാക്കലുമായി ബന്ധപ്പ സഞ്ചയ പ്രകാരമുള്ള വിവരങ്ങൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ:

1) 300 ച.മീ. ൽ കൂടുതൽ വിസ്തീർണമുള്ള 39 കെട്ടിടങ്ങളെ 300 ച.മീ. വരെയുള്ള കെട്ടിടങ്ങളു ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണയിച്ചിരിക്കുന്നു.

ക്രമ നം.	ഡോർ നം.	വിസ്തീർണം (Sq.M)
1	1/412/A	343.61
2	2/17/B	384.00
3	2/439	332.00
4	2/470/A	356.00
5	3/374	342.00
6	5/216	304.00
7	6/99	350.00
8	6/125	420.00
9	7/417	357.00
10	8/30	330.20
11	8/633	361.00
12	9/10	326.00
13	9/37	351.00
14	9/87	355.00
15	9/376/A	350.00
16	9/628/B	563.61
17	12/6/A	404.00
18	13/440/A	373.24
19	14/216	350.00
20	14/225	310.00
21	14/285/A	309.00
22	14/1190/K	336.56
23	16/359/B	315.63
24	16/461	356.00
25	16/467/A	442.25
26	17/531	369.00
27	17/695	310.00
28	17/746	344.00
29	18/178	303.00
30	21/365/A	391.88
31	22/314	314.00
32	22/652	400.00
33	22/766	1318.67
34	23/365	390.00
35	23/507	318.00
36	23/520/A	420.00
37	23/554	312.00
38	23/696/C	430.30
39	23/755/A	691.82

2) ചില കെട്ടിടങ്ങൾക്ക് വസ്തുനികുതി കുടിശ്ശിക ഉള്ളതായി കാണുന്നു. (ഉദാ: - ഡോർ നം. 7/ നസീമാബീവി - 2021, 2022, 2023 വർഷങ്ങൾ)

അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകുയറിക്ക് (ഇ 32/17.10.204) മറുപടി ലഭ്യമായിട്ടില്ല. സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്ത്

ഭരണസമിതി തീരുമാനിച്ച നിരക്കിൽ വസ്തുനികുതി നിർണയിച്ച്, ലൈബ്രറി സെ ഉൾപ്പെടെ, കുടിശ്ശികയില്ലാതെ പിരിച്ചെടുക്കേണ്ടതാണ്.

1-20 ഭരണസമിതി യോഗമിനിട്സുകൾക്ക് സമയബന്ധിതമായി അംഗീകാരം നൽകുന്നില്ല

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ, ചട്ടം പ്രകാരം ഭരണസമിതിയോഗം പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും ഒരു രജിസ്റ്ററി രേഖപ്പെടുത്തി സെക്രട്ടറിയും പ്രസിഡന്റും ഒപ്പ് വച്ച് സെക്രട്ടറി വായിച്ച ശേഷം, യോ തീർന്നാലുടൻ ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. അംഗീകരി തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48മണിക്കൂറിനകം എ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതാണ്. യോഗനടപടികുറിപ്പുകളുടെ നക്കൽ സെക്രട്ട തയ്യാറാക്കി യോഗം കഴിഞ്ഞ് 3 ദിവസത്തിനകം അദ്ധ്യക്ഷന്റെ അംഗീകാരത്ത നൽകേണ്ടതാണ്. ആയത് ലഭിച്ച് 24 മണിക്കൂറിനകം പ്രസിഡന്റ് സെക്രട്ടറിയ്ക്ക് തിര നൽകേണ്ടതാണ്. അദ്ധ്യക്ഷൻ അംഗീകരിച്ചാൽ ഉടൻതന്നെ മിനിട്സ് ബുക്ക് രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങി ആയതിന്റെ പകർപ്പ് നോട്ടീസ് ബോർഡ് പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. എന്നാൽ 2023-24 സാമ്പത്തിക വർഷത്തിൽ ഭരണതലത്ത് ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച യോഗമിനിട്സുകൾ സമയബന്ധിതമാ പൂർത്തിയാക്കി പൊതുജനങ്ങളുടെ അറിവിലേയ്ക്ക് നൽകുന്നതിൽ പ്രസിഡന്റ് സെക്രട്ടറിയും തങ്ങളുടെ ഭരണപരമായ ചുമതലകൾ നിർവഹിച്ചിട്ടില്ലായെ വ്യക്തമാകുന്നു. പഞ്ചായത്ത് ഭരണസമിതി എടുത്ത ഭരണപരമായ തീരുമാനങ്ങൾ ചട്ടപ്രകാ നിശ്ചിത സമയത്തിനകം സെക്രട്ടറിയും പ്രസിഡന്റും അംഗീകാരം നൽകാത്തതിനു ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്ത് കമ്മിറ്റി കൂടിയ തീയതി	മിനിട്സ് സെക്രട്ടറി അംഗീകരിച്ച തീയതി	മിനിട്സ് പ്രസിഡന്റ് അംഗീകരിച്ച തീയതി
10.4.23	28.6.23	28.6.23
22.5.23	28.6.23	28.6.23
13.6.23	9.10.23	9.10.23
30.12.23	15.7.24	15.7.24
25.1.24	24.7.24	24.7.24
24.2.24	15.7.24	15.7.24
30.3.24	24.7.24	24.7.24

മേൽ വിവരിച്ചതിൽ നിന്നും ഭരണസമിതി അംഗീകരിച്ച തീരുമാനങ്ങൾ മാസങ്ങ കഴിഞ്ഞാണ് സെക്രട്ടറിയും, പ്രസിഡന്റും അംഗീകരിച്ചതെന്ന് വ്യക്തമാകുന ചട്ടപ്രകാരമുള്ള കാലയളവിൽ മിനിട്സ് പൂർത്തീകരിച്ച് പ്രസിദ്ധപ്പെടുത്താത്തത് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻകുയറി നമ്പർ 27/24ന്റെ മറുപടിയിൽ ഇനി വരു കമ്മറ്റി മിനിട്സും സമയബന്ധിതമായി പൂർത്തീകരിച്ച് പൊതുജനങ്ങളു അറിവിലേയ്ക്കായി നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നതാണെന്ന് അറിയി. ചട്ടപ്രകാരം മിനിട്സുകൾ നിശ്ചിത സമയത്തിനകം അംഗീകാരം നൽകാൻ ശ്ര പുലർത്തേണ്ടതാണ്.

1-21 ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ - പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ.

പദ്ധതി നം. - 306/24

പദ്ധതിയുടെ പേര് - ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണയ സൗകര്യങ്ങൾ ഏർപ്പെടുത്ത

നിർവഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ഫണ്ടിനം - ഹെൽത്ത് ഗ്രാന്റ്

അടങ്കൽ - 14,44,000/- രൂപ

ചെലവ് വിവരം:

ക്രമ നം.	ബിൽ നം., തീയതി	തുക
1	441/20.01.2024	50,100
2	447/20.01.2024	45,000
3	448/20.01.2024	72,452
4	512 / 24.02.2024	1,51,723
5	513 / 24.02.2024	9,025
6	514 / 24.02.2024	91,374
7	515 / 24.02.2024	10,000
8	517 / 24.02.2024	6,194
9	516 / 01.03.2024	12,900
10	527 / 02.03.2024	12,711
11	738 / 27.03.2024	15,409
ആകെ		4,76,888

പദ്ധതിയുടെ ഭാഗമായി ബോക്സ് ടൈപ്പ് കബോർഡുകൾ, സീലിംഗ് വർക്ക്, പാർട്ടീഷ്യൻ ഡോർ എന്നിവ സ്ഥാപിച്ചതിന് 1,51,723/- രൂപ ബിൽ നം. 512 / 24.02.2024 മുഖേന ഹൈടെ അലുമിനിയം ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. എൽ. എസ്.ജി.ഡി, എ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത പ്രവൃത്തികൾക്ക് 1,36,000/- രൂപയാണ് ചെല കണക്കാക്കിയിരുന്നത്. എസ്റ്റിമേറ്റിൽ അധികരിച്ച് പ്രവൃത്തി നിർവഹിച്ചതിന്റെ കാരണവ ബോക്സ് ടൈപ്പ് കബോർഡുകൾ, സീലിംഗ് വർക്ക്, പാർട്ടീഷ്യൻ & ഡോർ എന്ന് നിർമിച്ചിരിക്കുന്നത് ഏതുതരം മെറ്റീരിയൽ കൊണ്ടാണെന്നും അവയ്ക്ക് ഗ്യാരണ്ടി / വാറ ലഭ്യമാണോ എന്നുമുള്ള വിവരങ്ങളും അറിയിക്കാൻ ആവശ്യപ്പെട്ട് 14.10.2024 ൽ 18 നമ്പറാ ഓഡിറ്റ് എൻകയറി നല്കുകയുണ്ടായി.

ബോക്സ് ടൈപ്പ് കബോർഡുകൾ, സീലിംഗ് വർക്ക്, പാർട്ടീഷ്യൻ & ഡോർ എന്ന് സ്ഥാപിച്ചത് എൽ.എസ്.ജി.ഡി, എ.ഇ യുടെ എസ്റ്റിമേറ്റിന് ശേഷമാണെന്നും നിർമാണത്തിന് അവസാന ഘട്ടത്തിൽ ഒരു ബോക്സ് ടൈപ്പ് കബോർഡ് കൂടെ ആവശ്യമാണെന്ന് മനസ്സിലാക അത് നിർമിക്കാൻ നിർദേശം നൽകിയതായും പരിചയക്കുറവും അശ്രദ്ധയും കാരണ അതിന്റെ എസ്റ്റിമേറ്റ് രേഖാമൂലം കരസ്ഥമാക്കാൻ കഴിഞ്ഞില്ലെന്നും ഓഡിറ്റ് എൻകയറി മറുപടിയായി നിർവഹണോദ്യോഗസ്ഥ അറിയിച്ചു. നിർമാണങ്ങൾ നടത്തിയത് അലുമിനി കൊണ്ടാണെന്നും അതിന് ഗ്യാരണ്ടി ലഭ്യമാണെന്നും മറുപടിയിൽ പറഞ്ഞിട്ടുണ്ട്.

ആവശ്യമായ ചർച്ചകൾക്കും അവലോകനങ്ങൾക്കും ശേഷം പ്രവർത്തനങ്ങ പദ്ധതികൾ രൂപീകരിക്കുന്നതിനും അംഗീകൃത പദ്ധതിക്കനുസൃതമായി മാത്രം നിർവഹ നടത്തുന്നതിനും ശ്രദ്ധപുലർത്തേണ്ടതാണ്. എസ്റ്റിമേറ്റിൽ അധികരിച്ച് ചെലവ് ചെയ്തത് ഭരണാനുമതിയും സാങ്കേതികാനുമതിയും നേടി ചെലവ് ക്രമീകരിക്കേണ്ടതും വിവ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-22 ഹരിത കർമസേന & മാലിന്യ സംസ്കരണം - പ്രവർത്തനാവലോകനം

സമഗ്രവും സുസ്ഥിരവുമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനു പ്രോജക്ടുകൾ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹിക്കണമെന്ന് സ.ഉ.(സാ.ധ നം. 989/2023/ത.സ്വ.ഭ.വ തിയതി 06/05/2023 നമ്പർ ഉത്തരവു പ്രകാരം തദ്ദേശ സ്വയം ഭര സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ.ഉ.(സാ.ധാ) നം. 1401/2023/ത.സ്വ.ഭ.വ തിയ 10/07/2023 നമ്പർ ഉത്തവു പ്രകാരം മാലിന്യ സംസ്കരണത്തിനാവശ്യമായ സമഗ്ര പദ്ധതിക തയ്യാറാക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരമു നിർദ്ദേശങ്ങളും പഞ്ചായത്തു നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശവും ചുവ ചേർക്കുന്നു.

1) മാലിന്യം ഉറവിടത്തിൽ തരംതിരിക്കൽ

മാലിന്യസംസ്കരണത്തിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങൾക്ക് അവബോ സൃഷ്ടിക്കുന്നതിനായി ക്യാമ്പയിനുകൾ സംഘടിപ്പിക്കുക, ഹരിതസഭ തുടങ്ങ പ്രവർത്തനങ്ങൾ നടത്തുക, ഗാർഹിക തലത്തിൽ മാലിന്യം തരം തിരി സൂക്ഷിക്കുന്നതിനുള്ള ഉപാധികൾ (ബാസ്ക്കറ്റ്) വിതരണം ചെയ്യുക എന്നിവയാണ് വിഭാവ ചെയ്തിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് വിവിധ ക്യാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ടെങ്കില ജനങ്ങൾ പൂർണമായും പ്രസ്തുത പ്രവർത്തനങ്ങളുമായി സഹകരിക്കുന്നില്ല.

2) അജൈവമാലിന്യം -100% വാതിൽപ്പടി ശേഖരണം

ഹരിതകർമസേന അംഗങ്ങൾ വാതിൽപ്പടി ശേഖരണം നടത്തുന്നുണ്ട്. 100% വീടുകളില ഹരിതകർമസേന അംഗങ്ങൾ എത്തുന്നുണ്ടെങ്കിലും പൂർണമായ സഹകരണം ലഭ്യമാകുന്നി എന്നാണ് യൂസർഫീ കളക്ഷൻ സ്റ്റേറ്റ്മെന്റിൽ നിന്നും വ്യക്തമാകുന്നത്. 2024 മാർച്ച് മാസത കളക്ഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

	ആകെ എണ്ണം	യൂസർഫീ ലഭ്യമായവയുടെ എണ്ണം	ശതമാനം
ആൾ താമസമുള്ള വീടുകൾ	13324	9258	69%
പ്രവർത്തനമുള്ള കച്ചവട സ്ഥാപനങ്ങൾ	1418	647	45%
മറ്റ് സ്ഥാപനങ്ങൾ	175	106	60%
ആകെ	14917	10011	67%

അജൈവ മാലിന്യം നൽകുന്നതിൽ സഹകരിക്കുന്നത് 67% വീടുകൾ / സ്ഥാപനങ്ങ മാത്രമാണ്. എല്ലാ വീടുകളും / സ്ഥാപനങ്ങളും ഇത്തരം പ്രവർത്തനങ്ങളിൽ പങ്കാളികളാകു എന്ന് ഉറപ്പു വരുത്തേണ്ടതാണ്. ക്ലീൻ കേരള കമ്പനി അതാത് സമയങ്ങളിൽ പാഴ്വസ്തുക്ക കൊണ്ടു പോകാത്തതിനാൽ കലണ്ടർ പ്രകാരമുള്ള വാതിൽപ്പടി ശേഖരണം നടത്താ സാധിക്കുന്നില്ല എന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻകെയറിക്ക് (നം. 20 തിയതി) മറുപ ലഭ്യമാക്കിയത്.

3) MCF/ Mini MCF നിർമാണവും വിപുലീകരണവും

പഞ്ചായത്തിന്റെ 22 വാർഡുകളിലും മിനിMCF കളും ഒരു MCF ഉം നിലവിലുണ്ട്. പുത്തൻക മാർക്കറ്റിനുള്ളിൽ സ്ഥാപിച്ചിട്ടുള്ള ഒരു കെട്ടിടത്തിലാണ് MCF പ്രവർത്തിക്കുന്നത്. പ്രസ്തുത M ന് സർക്കാർ ഉത്തരവു പ്രകാരമുള്ള അനുബന്ധ സൗകര്യങ്ങൾ ഇല്ല. മതിയായ സ്ഥല സോർട്ടിംഗ് ടേബിൽ മുതലായ സൗകര്യങ്ങൾ ലഭ്യമല്ല. ഒരു ബെയ് ലിംഗ് മെഷീ ഉണ്ടായിരുന്നത് നിലവിൽ പ്രവർത്തനരഹിതമാണ്. വളരെ പരിമിതമായ സ്ഥലം മാത്രമാ പ്രസ്തുത കെട്ടിടത്തിൽ ലഭ്യമായിട്ടുള്ളത്. ആയതിനാൽ ഹരിതകർമസേന കളക്ട് ചെയ്യു അജൈവ മാലിന്യങ്ങൾ പൂർണമായും കെട്ടിടത്തിനുള്ളിൽ സൂക്ഷിക്കാൻ സാധിക്കുന്ന കെട്ടിടത്തിനുള്ളിലും സമീപത്തുമായി അവ സൂക്ഷിച്ചിരിക്കുന്നു, എം.സി.എഫ് ഒരെ നിർമാണ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നുവെന്നാണ് മറുപടിയി സൂചിപ്പിച്ചിരിക്കുന്നത്. പുതുതായി നിർമ്മിക്കുന്ന എം.സി.എഫ് ൽ സർക്കാർ നിർദ പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

4) ജൈവമാലിന്യ സംസ്കരണം

ജൈവമാലിന്യ സംസ്കരണത്തിനായി പുത്തൻകട മാർക്കറ്റിനുള്ളിൽ തുമ്പൂർമു സ്ഥാപിച്ചിട്ടുണ്ട്. എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയുലുൾപ്പെടുത്തി സോക്ക് പ നിർമാണം നടത്തിയിട്ടുണ്ട്. സാനിട്ടറി പാഡുകൾ, ഡയപ്പറുകൾ എന്ന് സംസ്കരിക്കുന്നതിനായുള്ള സംവിധാനങ്ങളൊന്നും സ്ഥാപിച്ചിട്ടില്ല.

5) മാലിന്യ കൂനകൾ ഇല്ലാത്ത വൃത്തിയുള്ള പൊതു ഇടങ്ങൾ

മാലിന്യ കൂനകൾ നീക്കി രണ്ടിടങ്ങളിൽ ഉദ്യാനവത്കരണം പദ്ധതി നടപ്പിലാക്കിയിട്ട .മാലിന്യകൂനകൾ പലയിടങ്ങളിലായി പഞ്ചായത്ത് നീക്കം ചെയ്തിട്ടുണ്ടെങ്കിലും ആയ

നിലനിർത്താൻ സാധിച്ചിട്ടില്ല. കാരണം പൊതു ഇടങ്ങളിൽ വീണ്ടും മാലിന വലിച്ചെറിയപ്പെടുകയാണ് (ഉദാഹരണം ചെറുവാരകോണം ശ്മശാനത്തിനു സമീപ വിജിലൻസ് സ്കാഡ് രൂപീകരിച്ചിട്ടുണ്ടെങ്കിലും കാര്യക്ഷമമായ പ്രവർത്തനം നടക്കുന്ന് സമീപ പ്രദേശത്തെ ജനങ്ങളെക്കൂടി ഉൾപ്പെടുത്തി വിജിലൻസ് സ്കാഡിന്റെ പ്രവർത്ത ശക്തിപ്പെടുത്തി പൊതു ഇടങ്ങളിൽ മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ ശക്തമാ നടപടി സ്വീകരിച്ചാൽ ആയത് ഒരു പരിധിവരെ പരിഹരിക്കാൻ സാധിക്കും.

6) ജലാശയങ്ങളിലെ മാലിന്യം നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കൽ

തോടുകളുടെ പുനരുദ്ധാരണം സംബന്ധിച്ച പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

7) മാലിന്യത്തിന്റെ അളവു കുറയ്ക്കൽ

മാലിന്യത്തിന്റെ അളവു കുറയ്ക്കുന്നതിനായി മെൻസ്ട്രൽ കപ്പ് വിതരണം എന്ന പ്രോജ നടപ്പിലാക്കിയിട്ടുണ്ട്. പ്ലാസ്റ്റിക് കവറുകളുടെ ഉപയോഗം കുറയ്ക്കുന്നതിന് വ്യാപ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകി ആയത് പ്രാവർത്തികമാക്കിയാൽ ഒ പരിധിവരെ മാലിന്യത്തിന്റെ അളവ് കുറയ്ക്കാനാകും.

8) മറ്റു വിവരങ്ങൾ

(1) ഖരമാലിന്യ സംസ്ക്കരണം/ഹരിത കർമ്മ സേന എന്നിവയുമായി ബന്ധപ്പെട്ട അടിസ്ഥാ വിവരങ്ങൾ ഓഡിറ്റ് എൻകയറി (നം : 20 തിയതി 15/10/2024) ക്ക് ലഭ്യമാക്കിയ മറുപടിയു അടിസ്ഥാനത്തിൽ തയ്യാറാക്കിയത് ചുവടെ ചേർക്കുന്നു.

1	പഞ്ചായത്തിലെ ആകെ ജനസംഖ്യ	51398
2	വാസഗൃഹങ്ങളുടെ എണ്ണം	12829
3	സ്ഥാപനങ്ങളുടെ എണ്ണം (വ്യവസായ/വാണിജ്യ വിദ്യാഭ്യാസ ആതുരാലയ സ്ഥാപങ്ങൾ)	1500
4	പൊതു ചന്തകളുടെ എണ്ണം	1
5	ഓഡിറ്റോറിയങ്ങളുടെ എണ്ണം	7
6	ആകെ വാർഡുകളുടെ എണ്ണം	23
7	ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം	46
8	പാഴ്വസ്തുക്കൾ ഏറ്റെടുക്കുന്നതിനായി കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്ഥാപനം	CKC
9	ഓഡിറ്റ് വർഷം ശേഖരിച്ച ആകെ മാലിന്യത്തിന്റെ അളവ്	47825.43 Kg
10	കരാർ സ്ഥാപനത്തിന് തരം തിരിച്ച് നൽകിയ മാലിന്യത്തിന്റെ പാഴ്വസ്തുക്കളുടെ അളവ്	20222 Kg
11	തരം തിരിക്കാതെ നൽകിയ മാലിന്യത്തിന്റെ (ലെഗസി) അളവ്	27603 Kg
12	ഓഡിറ്റ് വർഷം യൂസർ ഫീ ഇനത്തിൽ ലഭിച്ച തുക	6212450
13	ഹരിത ചട്ട ലംഘനങ്ങളുടെ പിഴ ഈടാക്കിയ ഇനത്തിൽ ലഭിച്ച തുക	22000
14	മാലിന്യം/പാഴ്വസ്തുക്കൾ വിറ്റ വകയിൽ ലഭിച്ച തുക	38259
15	ഗ്യാപ് ഫണ്ടിനത്തിൽ ചെലവിട്ട തുക	NIl
16	ലെഗസി മാലിന്യം ഏറ്റെടുത്ത വകയിൽ കരാർ സ്ഥാപനത്തിന് നൽകിയ തുക	110680/ -
17	സഹായ സ്ഥാപനത്തെ നിയോഗിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം	ഇല്ല

18	സഹായ സ്ഥാപനത്തിന് നൽകിയ കൺസൽട്ടിംഗ് തുക	ഇല്ല
19	ഹരിത കർമ്മ സേനയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും, മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കുമായി തദ്ദേശ സ്വയം ഭരണ സ്ഥാപനം ഓഡിറ്റ് വർഷം ചെലവിട്ട തുക	85450/-
20	തദ്ദേശ സ്വയം സ്ഥാപനത്തിൽ ഉള്ള Mini MCF, MCF, RRF എന്നിവയുടെ എണ്ണം	മിനി MCF –23 MCF - 2

(2) ആകെ 23 വാർഡുകളിലായി 46 അംഗങ്ങൾ പ്രവർത്തിക്കുന്നു. വാർഡുകളിൽ നിന ശേഖരിച്ച അജൈവ മാലിന്യം MCFൽ എത്തിക്കുന്നതിന് ഒരു വാഹനവും ഡ്രൈവറെ ക്രമീകരിച്ചിട്ടുണ്ട്. ഹരിതകർമ്മ സേനയിലെ അംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീല കുടുംബശ്രീ മുഖാന്തിരം നൽകിയിട്ടുണ്ട്.

07.10.2023 ലെ സ.ഉ.(സാധാ)നം. 1971/2023/LSGD മാലിന്യമുക്ത കേരളം ക്യാമ്പയിന്റെ ഭാഗമാ കർമ്മസേനാംഗങ്ങൾക്ക് പതിനായിരം രൂപ ശരാശരി മാസ വരുമാനം ഉറപ്പാക്കണമെ നിർദ്ദേശിച്ചിട്ടുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾക്ക് ലഭിക്കുന്ന ശരാശരി മാസവരുമാനം 10,0 രൂപയിൽ കൂടുതൽ ലഭ്യമാകുന്നുണ്ട്. പുത്തൻകട ചന്തയ്ക്കുള്ളിൽ ബ്ലോക്ക് പഞ്ചായത്ത് 2021 സാമ്പത്തിക വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി 4 ടോയ് ലറ്റ് ഉൾപ്പെടുത്തി ഒരു കെട്ടി നിർമ്മിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിൽ കറണ്ട് കണക്ഷൻ നാളിതുവ ലഭ്യമാക്കിയിട്ടില്ല. ആവശ്യത്തിന് വെള്ളം ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ട് ചന്തയിൽ നേരത്തെ ഉണ്ടായിരുന്ന ഒരു ടോയ്ലറ്റാണ് നിലവിലും ജനങ്ങൾ ഉപയോഗിക്കുന്ന പുതുതായി നിർമ്മിച്ച ടോയ് ലറ്റുകൾ നിഷ്ക്രീയ ആസ്തിയായി തുടരുകയാണ്. പ്രസ്തു ടോയ്ലറ്റ് ബ്ലോക്കിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക ഉപയോഗപ്രദമാക്കേണ്ടതാണ്. പൊതുജന പങ്കാളിത്തത്തോടെ ഒരുമിച്ചു പ്രവർത്തനത്തിലൂടെ മാത്രമെ മാലിന്യ സംസ്കരണം ഫലപ്രദമായി നടപ്പിലാക്കാ സാധിക്കുകയുള്ളു. പൊതുജനങ്ങളുടെ പങ്കാളിത്തം കൂടുതലായി ഉൾപ്പെടുത്തിക്കൊ ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ ഭരണസമിതിയ ഉദ്യോഗസ്ഥരും പ്രാധാന്യം നൽകേണ്ടതാണ്.

1-23 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്ന് ലഭ്യമായിട്ടില്ല - 2,45,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതി നം. - 49/24

പദ്ധതിയുടെ പേര് - ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

നിർവഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ഫണ്ടിനം - മെയിന്റനൻസ് ഫണ്ട് (റോഡിതരം)

അടങ്കൽ - 3,00,000/- രൂപ

ചെലവ് - 2,45,000/- രൂപ (ട്രഷറി ബിൽ നം. - 18/23-24, 11.12.2023)

2023-24 വർഷം നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതിയു ഭാഗമായി, ട്രഷറി ബിൽ നം. 18/23-24, 11.12.2023 മുഖേന 2,45,000/- രൂപ The Kerala State Homoeopa Cooperative Pharmacy Ltd. ന് നല്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ നിന്നുള്ള ടാക്സ് ഇൻവോയി നം. PF-929/29.11.2023 പ്രകാരമാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ നാളിതുവരെ മരുന്നുക ലഭ്യമായിട്ടില്ല. തുക നല്കി മാസങ്ങൾക്കുശേഷവും മരുന്ന് ലഭ്യമാകാത്തതിന്റെ കാരണ മരുന്ന് ലഭ്യമാക്കുന്നതിന് നിർവഹണോദ്യോഗസ്ഥൻ സ്വീകരിച്ച നടപടികളുടെ വിവര അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻകുയറിക്ക് (നം. 10 / 10.10.20 15.10.2024 ൽ മെഡിക്കൽ ഓഫീസർ, ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ ലഭ്യമാക്ക് മറുപടിയിൽ, ഫോൺ മുഖേന പലപ്രാവശ്യം ഹോംകോയിൽ അന്വേഷിച്ചപ്പോൾ എത്ര

പെട്ടെന്ന് മരുന്ന് എത്തിച്ചുതരാമെന്ന് ഉറപ്പുനല്കിയിട്ടുള്ളതായും ലഭിച്ച ഉടൻ സെക്രട്ടറിയെയ ഇംപ്ലിമെന്റിംഗ് ഓഫീസറെയും അറിയിക്കുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

നാളിതുവരെ മരുന്നുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ 2,45,000/- രൂപയുടെ ചെല തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം രേഖകൾ സഹി അറിയിക്കേണ്ടതാണ്.

1-24 SBI E- Payment അക്കൗണ്ടിന്റെ റിക്കൺസിലിയേഷന്റെ ആധികാരികത വ്യക്തമല്ല.

പഞ്ചായത്തിന്റെ ഓൺലൈൻ സേവനത്തിനായി ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടിൽ (E- Payment Ac/No: 00000067387623450) ക്രഡിറ്റ് ആകുന്ന തുകയും ബാങ്ക് ബുക്കിൽ വരവാ രേഖപ്പെടുത്തുന്ന തുകയും പൊരുത്തപ്പെടുത്തുന്നതിന്റെ ആധികാരികത വ്യക്തമ ഓൺലൈൻ സേവനത്തിനായി ഉപഭോക്താവ് തുക അടയ്ക്കുമ്പോൾ E- പേയ്മെന്റിന് ബാങ്ക് ബുക്കിൽ വരവു രേഖപ്പെടുത്തുന്നു. എന്നാൽ പ്രസ്തുത തുക ബാങ്ക് അക്കൗണ്ടിൽ ക്രഡ ആകുന്നില്ല. E- പേയ്മെന്റ് സേവനം ലഭ്യമാക്കുന്ന സേവന ദാതാവിന്റെ അക്കൗണ്ടിലേക്കാ തുക ക്രഡിറ്റ് ആകുന്നത്. ഓരോ മാസത്തെയും റിക്കൺസിലിയേഷൻ സ്റ്റേറ്റ്മന്റ് പ്രകാ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും ബാങ്ക് പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ പൊരുത്തപ്പെടുത്തിയിരിക്കുന്ന തുകയിൽ കൂടുതലായ വ്യത്യാസം കാണുന്നു. എന്നാ റിക്കൺസിലിയേഷന്റെ ആധികാരികത ഉറപ്പു വരുത്തുന്ന സ്റ്റേറ്റ്മന്റോ രേഖക ലഭ്യമാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ) - As On 30/Apr/2023

Bank Book Balance – 76,91,696.00

Add

Directly Credited By Bank 11,49,937.00

Less

Cheque Deposited But Not Cleared 1,15,383.00

Directly Debited By Bank 34,76,000.00

Passbook Balance 52,50,250.00

ബി) As On 31/Jan/2024

Bank Book Balance - 88,97,139.00

Add

Cheque Issued But Not Presented Into Bank (P)- 7,40,000.00

Directly Credited By Bank- 87,25,001.00

Less

Cheque Deposited But Not Cleared- 82,28,044.00

Passbook Balance - 1,01,34,096.00

Remarks

സി) As On 29/Feb/2024

Bank Book Balance - 86,47,677.00

Add

Cheque Issued But Not Presented Into Bank (P)- 6,00,000.00

Directly Credited By Bank- 90,55,407.00

Less

Cheque Deposited But Not Cleared- 82,33,752.00

Passbook Balance- 1,00,69,332.00

മേൽ റിക്കൺസിലിയേഷനിൽ സൂചിപ്പിച്ചിട്ടുള്ള Directly Credited By Bank, Cheque Deposited But Cleared മുതലായ ഇനങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നവയുടെ വിശദാംശങ്ങളിൽ 2022 തുകകളും ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ മേൽ തുകകളുടെ ആധികാരിക ഉറപ്പുവരുത്തുന്നതിനുള്ള വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. സേവനദാതാവിന് അക്കൗണ്ടിലേക്ക് ലഭ്യമാകുന്ന തുകകൾ യഥാസമയം ബാങ്ക് അക്കൗണ്ടിൽ ക്രഡ ആകുന്നുണ്ടോയെന്നും തുക പൂർണമായും ലഭ്യമായിട്ടുണ്ടോയെന്നും പ്രസ്തുത ബാ ബുക്കുമായി ഒത്തുനോക്കി ഉറപ്പു വരുത്തിയിട്ടുണ്ടോയെന്നും വിവരം ലഭ്യമാക്കാൻ ഓഡ എൻകയറി മുഖാന്തിരം (നം:39 തിയതി :18/10/2024) ആവശ്യപ്പെട്ടെങ്കിലും മറുപ ലഭ്യമാക്കിയില്ല. ലൈഫ് ഭവന പദ്ധതിയുടെ ലോൺ, സ്റ്റേറ്റ്ഷെയർ മുതലായ തുകകളു ട്രാൻസാക്ഷനും പ്രസ്തുത അക്കൗണ്ട് മുഖാന്തിരം നിർവഹിച്ചിട്ടുണ്ട്. ഇ-പേയ്മെന്റി മാത്രമായി മേൽ അക്കൗണ്ട് ഉപയോഗിക്കുന്നത് ഉചിതമായിരിക്കും. ബാങ്ക് ബുക്ക് പ്രകാ ലഭ്യമായ തുകകൾ പൂർണമായും പഞ്ചായത്തിന്റെ ഇ-പേയ്മെന്റ് അക്കൗണ്ട് കാലതാമസം കൂടാതെ ലഭ്യമാകുന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടിക സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-25 GST ഇനത്തിൽ ഈടാക്കിയ തുക സർക്കാരിലേക്ക് അടവാക്കിയ രേഖകൾ ലഭ്യമാക്കിയില്ല.

MGNREGS ന്റെ GST ഡിഡക്ഷൻ സ്റ്റേറ്റ്മെന്റ്, ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് എന്നിവ പ്രകാ 01/04/2023 മുതൽ 20/12/2023 വരെയായി 1,19,708/- രൂപ GST ഇനത്തിൽ ഡിഡക്ട് ചെയ്തതാ പ്രസ്തുത തുക ചെക്ക് നം. 416122 തിയതി 13/02/2024 പ്രകാരം സർക്കാരിലേ അടവാക്കിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. GST ഈടാക്കിയതുസംബന്ധിച്ച വിശദാം ലഭ്യമാക്കിയെങ്കിലും ആയത് സർക്കാരിലേക്ക് അടവാക്കിയതു സംബന്ധിച്ച രേഖക ലഭ്യമാക്കിയില്ല. ഓഡിറ്റ് എൻകയറി മുഖാന്തിരം (നം:39 തിയതി :18/10/2024) രേഖക ആവശ്യപ്പെട്ടെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല .ആയതിനാൽ GST സർക്കാരിലേ ഒടുക്കുവരുത്തിയതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-26 ക്ഷീരസമൃദ്ധി - പാലിന് സബ്സിഡി ചെലവു രേഖകൾ ലഭ്യമാക്കിയില്ല - 10,00,225/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം - 12/24 ക്ഷീരസമൃദ്ധി - പാലിന് സബ്സിഡി

നിർവഹണം - ഡയറി ഫാം ഇൻസ്ട്രക്ടർ

ചെലവു തുക - 10,00,225/- രൂപ (വികസനഫണ്ട് ജനറൽ)

ബിൽ നമ്പർ	തിയതി	തുക
23020552094800810030	8/11/2023	2,26,255
23020552094801513923	25/03/2024	70,748
23020552094801513945	25/03/2024	21,848
23020552094801513964	25/03/2024	1,25,227
23020552094801513985	25/03/2024	73,179
23020552094801514004	25/03/2024	78,553
23020552094801514035	25/03/2024	4,190
23020552094800810033	30/10/2023	1,50,000
23020552094800920726	12/12/2023	50,000
23020552094801093556	19/01/2024	1,00,000
23020552094801156883	24/01/2024	50,051
23020552094801156893	24/01/2024	50,174
ആകെ തുക		10,00,225/- രൂപ

മേൽ പ്രോജക്ട് പ്രകാരം 10,00,225/- രൂപ സബ്സിഡി ഇനത്തിൽ നൽകിയിട്ടുണ്ട്. ക്ഷീരസംഘങ്ങ സാക്ഷ്യപ്പെടുത്തി നൽകിയ 2023 ഏപ്രിൽ മുതൽ 2023 ജൂലായ് വരെയുള്ള പാലള സ്റ്റേറ്റ്മെന്റാണ് ലഭ്യമാക്കിയിട്ടുള്ളത്. അതിനനുസൃതമായ തുകയല്ല വിതരണം ചെയ്തിട്ടുള്ള തുക വിതരണം ചെയ്യുതിന് ആനുപാതികമായ രേഖകൾ/പാലളവ് സ്റ്റേറ്റ്മ ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻകയറി (നം: 9 തിയതി: 10/10/2024) മുഖാന്തി ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. മറുപടിയോടൊപ്പം ഡയറി ഫാം ഇൻസ്ട്ര തയ്യാറാക്കിയ ആഗസ്റ്റ് 2023 ലെ പാലളവ് സ്റ്റേറ്റ്മന്റാണ് ഹാജരാക്കിയത്. ക്ഷീര സംഘങ്ങളി നിന്നുള്ള /ക്ഷീരസംഘങ്ങൾ സാക്ഷ്യപ്പെടുത്തിയ സ്റ്റേറ്റ്മന്റ് ലഭ്യമാക്കിയ ഗുണഭോക്താക്കളുടെ അപേക്ഷയും അനുബന്ധ രേഖകളും ഹാജരാക്കിയില്ല. രേഖക ഹാജരാക്കാത്തതിനാൽ ചെലവു തുകയായ 10,00,225/- രൂപ തടസ്സപ്പെടുത്തുന്നു. സബ്സിഡി തു അനുവദിച്ചതിന് ആസ്പദമാക്കിയ ക്ഷീരസംഘങ്ങളിൽ നിന്നുള്ള പാലളവ് സ്റ്റേറ്റ്മന്റ ഗുണഭോക്താക്കളുടെ അപേക്ഷയും അനുബന്ധ രേഖകളും ലഭ്യമാക്കേണ്ടതാണ്.

1-27 മാനസിക വെല്ലുവിളി നേരിടുന്ന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് അനുവദിച്ചു.

പ്രോജക്ട് നമ്പർ	S0031/2024
പ്രോജക്ടിന്റെ പേര്	ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്
അടങ്കൽ	292950(പൊതുവിഭാഗം)
ചെലവ്	246350(പൊതുവിഭാഗം)
ബിൽ നമ്പർ	BRN 23020552090701484396 24/03/2024 – 69,900/- BRN 23020552090700766705 - 09/11/2023 -1,76,450/-
നിർവഹണം	ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്ട് പരിശോധനയിൽ സെറിബ്രൽ പാൾസി ബാധിതരായ ചുവടെ ചേർക്കു വിദ്യാർത്ഥികളെ ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കു സ്കോളർഷിപ്പിലാണ് ഉൾപെടുത്തിയത്.

പേര്	അനുവദിച്ച തുക
ദർഷന ജി. എസ്	17,500/-
നാൻസി ടി.എച്ച്	17,250/-
റെജി. എൻ	9,300/-
ശ്രേയ അനീഷ്	5,300/-
ആശേർ എസ് ജെ	5,300/-
ആൻബ്ലെസ്സി ജെയിംസ്	12,000/-
ആഡ്ലിൻ സ്നേഹ	17,250/-
ലിയോണ് സേവിയോ	5,300/-

സ.ഉ(സാധാ)നം. 181/2020/ത.സ്വ.ഭ.വ തീയതി 23/01/2020 പ്രകാരം സെറിബ്രൽ പാൾസി, ഓട്ടിന മെന്റൽ റിട്ടാർഡേഷൻ, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നിവയുള്ളവരെ മാനസ വെല്ലുവിളി നേരിടുന്നവരുടെ ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിൽ മാനസ വെല്ലുവിളി നേരിടുന്ന മേൽ വിദ്യാർത്ഥികൾക്ക് സ്നേഹസ്പർശം പ്രോജക്ട് മുഖേന തു അനുവദിക്കുന്നതിന് പകരം ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷ മുഖേന തുക അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് 16/14.10.2024) മറുപടിയായി 2024-25 സാമ്പത്തിക വർഷം മുതൽ മേൽ വിദ്യാർത്ഥിക സ്നേഹസ്പർശം പദ്ധതിയിൽ ഉൾപെടുത്തി സ്കോളർഷിപ്പ് നൽകുന്നതിനുള്ള നടപടിക സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

അപേക്ഷയോടൊപ്പം ലഭ്യമാക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്ത വിദ്യാർത്ഥികൾക്ക് അർഹമായ ആനുകൂല്യം ലഭിക്കുന്നുണ്ടെന്ന് നിർവഹണ ഉദ്യോഗ ഉറപ്പാക്കേണ്ടതാണ്.

1-28 ആശ്വാസ് ഡയാലിസിസ് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല - ചെലവ് തുക 4,56,000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര് - ആശ്വാസ് ഡയാലിസിസ്

പ്രോജക്ടിന്റെ നമ്പർ - S00293/24

അടങ്കൽ തുക – 4,56,000/-

ചെലവ് തുക - 4,56,000/- (Ch No. 2752383/24 Dtd 18.10.23)
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

2023-24 സാമ്പത്തിക വർഷം സെക്രട്ടറി നടപ്പിലാക്കിയ ആശ്വാസ്-ഡയാലിസിസ് എന്ന പദ്ധ പ്രകാരം ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറിയിട്ടുണ്ട്. എന്നാൽ സ.ഉ.(കൈ)നം.115/2(തസ്വഭവ തിയതി 28/5/2022 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖ 7.6.7 പ്രകാ വരുമാനപരിധിയ്ക്ക് വിധേയമായി വൃക്കരോഗികൾക്ക് ഡയാലിസ് നടത്തുന്നതിന് ആഴ്ചയ് 1,000/- രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 4,000/- രൂപ ബന്ധപ്പെട്ട ആശുപത്രിയ നൽകുന്നതിനും, പ്രസ്തുത പദ്ധതി ഗ്രാമപഞ്ചായത്തുകൾക്കുകൾക്കും, നഗരസഭകൾക്ക ഏറ്റെടുക്കാവുന്നതായും ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹി കൂടി സംയോജിപ്പിച്ച് സംയുക്തമായും പദ്ധതി നടപ്പിലാക്കുന്നതിനാ നിഷ്കർഷിച്ചിരിക്കുന്നത്.

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പദ്ധതിയ്ക്കായി (SO213/24) ജില്ലാ പഞ്ചായത്തിന് വിഹിതം നൽകിയതിന വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല.

2. ജനറൽ കമ്മിറ്റി അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമല്ല.

3. ഗുണഭോക്താക്കൾ പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകൾ ലഭ്യമാക്കിയിട്ടില്ല.
4. ഏതൊക്കെ ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭിച്ചതെന്ന വിവരം ലഭ്യമല്ല.

മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻകുയറി നം. 34/24ന് ചെലവ് തുക പൂർണ്ണമാ ജില്ലാപഞ്ചായത്തിന് കൈമാറിയിട്ടുണ്ടെന്നും, പദ്ധതിയുടെ നിർവ്വഹണം പൂർണ്ണമാ ജില്ലാപഞ്ചായത്താണ് നിർവ്വഹിക്കുന്നതെന്നും മറ്റ് രേഖകൾ യാതൊന്നും പഞ്ചായത്ത് ലഭ്യമല്ലയെന്നും അറിയിച്ചു. ആയതിനാൽ ടി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെല തുകയുടെ വിനിയോഗസാക്ഷ്യപത്രവും ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിവര ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

1-29 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 57,24,140/- രൂപ തടസ്സപ്പെടുത്തുന്നു.

2023-24 ൽ സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകളിൽ വിനിയോഗസാക്ഷ്യപ ലഭ്യമാകാത്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ടിന്റെ പേര്/നമ്പർ	അടവാക്കിയ തുക (ബിൽ നമ്പർ)	തുക അടവാക്കിയതിന്റെ വിവരം
1	ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ (SO051/24)	Bill No.13/24 27.11.23 Amt- 26,542 Bill No.17/24 Dtd 27.11.23	KSEB, ഇലക്ട്രിക്കൽ സെക്ഷൻ പാറശ്ശാല

		Amt- 66,613	
2	IKMവിഹിതം നല്കൽ (SO048/24)	Bill No.48/24 8.5.23 Amt-1,64,635	IKM ഡയറക്ടർ
3	SSA വിഹിതം നല്കൽ (SO047/24)	Bill No.68/24 11.5.23 Amt-5,00,000	BRC, പാറശ്ശാല
4	കല്ലുവിള കുന്നുവിള നടപ്പാത കോൺക്രീറ്റ് (SO297/24)	Ch.No.MB-020283 Dtd 7.3.24 Amt-2,50,000	എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇറിഗേഷൻ ഡിവിഷൻ
5	പരുത്തിയറക്കൽ- ആലത്തറക്കൽ ജലപാത നിർമ്മാണം(S0248/24)	XVFC/2023-24/P/20 Dtd.28.11.23 തുക-3,50,000	എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇറിഗേഷൻ ഡിവിഷൻ
6	കൊല്ലിയോട് മൃഗാശുപത്രി റോഡ് മെറ്റലിംഗ്& ടാറിംഗ് പുല്ലൂർകോണം(SO249/24)	Bill No.21/24 Dtd 2.12.23 Amt-3,44,264 Ch.No.2752395 Dtd.2.12.23 Amt-4,99,736 XVFC/2023-24/P/22 Dtd28.11.23 Amt-6,000	അസി. എഞ്ചിനീയർ NIP ചാനൽസെക്ഷൻ
7	ഒറ്റാമരം കോപ്പിലാവിള റോഡ് മെയിന്റനൻസ് ഐങ്കാമം(SO247/24)	Bill No.18/24 27.11.23 Amt-4,95,000	അസി. എഞ്ചിനീയർ NIP ചാനൽസെക്ഷൻ
8	ചരിഞ്ഞകാല മുതൽ പിണറകാല വരെ റോഡ് മെറ്റലിംഗ് ആന്ഡ് ടാറിംഗ് നെടിയാംകോട് വാർഡ് (SO246/24)	XVFC/2023-24/P/21 Dtd 28.11.23 5,00,000/-	അസി. എഞ്ചിനീയർ NIP ചാനൽസെക്ഷൻ
9	സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (SO076/24)	XVFC/2023-24/P/61 Dtd 15.03.24, 8,82,940/- XVFC/2023-24/P/64 Dtd 16.03.24, 30,428/- XVFC/2023-24/P/78 Dtd 24.03.24, 1,63,732/-	കെ.എസ്.ഇ.ബി.
10	ഘടക സ്ഥാപനങ്ങളിൽ സോളാർ സ്ഥാപിക്കൽ (SO093/24)	ACR Bill No.373/23.11.23 Amt-14,44,250/-	ANERT
ആകെ – 57,24,140/- രൂപ			

മേൽ പ്രോജക്ടുകൾക്കായി ചെലവഴിച്ച 57,24,140/- രൂപയുടെ വിനിയോഗസാക്ഷ്യപത്ര ഹാജരാക്കാൻ ആവശ്യപ്പെട്ട് നല്കിയ എൻകയറി നമ്പർ 35/24 ന് മറുപടി ലഭ്യമാക്കിയ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-30 ബഡ്സ് സ്കൂൾ വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യ വികസനവും, സ്വയം തൊഴിൽ ലഭ്യമാക്കലും - പദ്ധതി നടത്തിപ്പിൽ -അപാകങ്ങൾ - ചെലവ് തുക 44,900/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര്- ബഡ്സ് സ്കൂൾ വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യ വികസനവ സ്വയം തൊഴിൽ ലഭ്യമാക്കലും (SO134/24)

പദ്ധതി അടങ്കൽ - 50,000/- (വികസന ഫണ്ട് പൊതു വിഭാഗം)

ചെലവ് തുക - 44,900– *(Bill No.* 10/24 Dtd 26.3.24)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. സെക്രട്ടറി

ബഡ്സ്സ് സ്കൂൾ കുട്ടികളുടെ മാനസികവും ആരോഗ്യപരവുമായ വികസനത്ത പ്രയോജനപ്രദമാകുന്നതിലേയ്ക്കായി പേപ്പർ പേന, നോട്ട്പാഡ് എന്നിവ ഉണ്ടാക്കുന്നതിനാ പരിശീലനം നല്കി അവ ആവശ്യക്കാർക്ക് ലഭ്യമാക്കി അതിലൂടെയുണ്ടാകുന്ന ലാഭം അവർ തന്നെ നല്കികൊണ്ട് അവരെ മുന്നോക്കാവസ്ഥയിലേയ്ക്ക് കൊണ്ടുവരുന്നതിനായിട്ടാ പദ്ധതി ലക്ഷ്യമിട്ടത്. തൊഴിൽ നൈപുണ്യ വികസനം, പരിശീലനം നല്കൽ, സാധ സാമഗ്രികൾ വാങ്ങൽ, എന്നീ ഇനങ്ങൾക്കായിട്ടാണ് തുക വകയിരുത്തിയിരുന്നത്.

പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, സാധന സാമഗ്രികൾ വാങ്ങിയതിന് രേഖകൾ മാത്രമാണ് ലഭ്യമായത്. തൊഴിൽ നൈപുണ്യവികസനവുമായി ബന്ധപ്പെ നടത്തിയ പരിശീലനത്തിന്റെ വിവരം, പരിശീലകരുടെ വിവരം എന്നിവ ലഭ്യമല്ല. കൂടാതെ പ്രസ്തുത പദ്ധതിയുടെ പ്രവർത്തന റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലി ലഭ്യമല്ല. ആയതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചത് സംബന്ധിച്ച് വ്യക്തതയില്ല. മേ രേഖകൾ ആവശ്യപ്പെട്ട് നല്കിയ എൻകെയറി നമ്പർ 26/24 ന് മറുപടി ലഭ്യമാക്കിയി ആയതിനാൽ ടി ചെലവ് 44,900/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്ക പരാമർശം ഒഴിവാക്കേണ്ടതാണ്.

1-31 മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കിയില്ല.

2023-24 വർഷത്തെ വാർഷിക പദ്ധതികണക്കുകൾ പരിശോധിച്ചതിൽ അസി. എഞ്ചിനീയ 116 പ്രോജക്ടുകളുടെ നിർവ്വഹണചുമതല ഏൽപ്പിക്കപ്പെട്ടിരുന്നതായി കാണുന്നു.എന്നാ വിവിധങ്ങളായ ജനകീയ ആവശ്യങ്ങൾ പരിഗണിച്ച് ആവിഷ്ക്കരിക്കപ്പെ തയ്യാറാക്കപ്പെട്ടിട്ടുള്ള പ്രോജക്ടുകളിൽ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പടെ ആകെ പ്രോജക്ടുകൾക്കാണ് തുക ചെലവഴിച്ചിരിക്കുന്നത്. 4,36,22,781/- രൂപ പദ്ധതി അടങ്കലി 2,09,64,697/- രൂപയാണ് ചെലവഴിച്ചത്. വകയിരുത്തിയ തുകയുടെ 48.05% തുക മാത്രമാ ചെലവഴിച്ചിട്ടുള്ളത്. ഇത്രയധികം പ്രോജക്ടുകൾ നിർവ്വഹിക്കപ്പെടാത്തത് മൂ തൻവർഷത്തെ സാമ്പത്തിക വിനിയോഗലക്ഷ്യം കൈവരിക്കപ്പെട്ടില്ല. മാത്രമല്ല പ്രസ്തു പ്രോജക്ടുകളുടെ നിർവ്വഹണത്തിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാകേണ്ടിയിരു ഭൗതികനേട്ടം നിഷേധിക്കപ്പെടുകയും ചെയ്തു. പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കാത്തത് ഫണ്ടിന്റെ അപര്യാപ്തത, സ്പിൽഓവറായി തുടരേണ്ടതില്ല എന്ന കമ്മിറ്റി തീരുമാന പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ പാസ്സാകാത്തത് എന്നിവയാണ് കാരണം എന്നാ ഓഡിറ്റ് എൻകെയറി നമ്പർ 29/24ന് മറുപടി നല്കിയത്. സാങ്കേതികകാരണങ്ങളാൽ നടപ്പാക്കാ സാധിക്കാത്ത പ്രവൃത്തികൾ തൊട്ടടുത്ത സാമ്പത്തിക വർഷം തന്നെ നടപ്പിലാക്കാൻ വേ അടിയന്തിര നടപടികൾ ഭരണസമിതിയുടെ ഭാഗത്ത് നിന്ന് ഉണ്ടാകേണ്ടതാണ്.

1-32 അനുവദനീയ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചി

2023-24 സാമ്പത്തിക വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്ത് പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	കരാർ വച്ച തീയതി	പ്രവൃത്തി കാലയളവ്	പ്രവൃത്തി പൂർത്തിയാക്കിയ തീയതി
1	226/24	പണ്ടാരകോണം റോഡ് പുനരുദ്ധാരണം	24.12.22	4 മാസം	7.7.23

2	206/24	തെക്കേ മടവിളാകം നടപ്പാത കോൺക്രീറ്റ് (നെടുവാൻ വിള)	31.3.23	4മാസം	10.8.23
3	256/24	പുത്രാകുളംതോട് സംരക്ഷണം ആയുമാൻകാട്	26.10.23	4മാസം	6.3.24

മേൽ പ്രവൃത്തികൾ കരാർ പ്രകാരമുള്ള കാലയളവിൽ പൂർത്തികരിക്കാത്തതിന് പ ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നമ 44 ന് മറുപടി ലഭ്യമാക്കിയില്ല. കരാറുകാർ പ്രവൃത്തികൾ സമയ ബന്ധിതമാ പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O.(P)No.13/2012/P തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges ഇനത്തിൽ തു (P.A.C തുകയുടേ 0.1% തുക, വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) അന്തിമ ബില്ല് നിന്നും ഈടാക്കി മാത്രമെ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ. അതിനാ കരാറുകാരനിൽ നിന്നും നിയമാനുസൃതമായ പിഴ ഈടാക്കി,ഓഡിറ്റിന് രേഖക ഹാജരാക്കേണ്ടതാണ്.

1-33 മാലിന്യ നിർമാർജ്ജന പ്രവൃത്തികൾ - കമ്പോസ്റ്റ് പിറ്റ് നിർമ്മാണ - പദ്ധതി പൂർണ്ണമായും ലക്ഷ്യം കൈവരിച്ചില്ല.

1. പ്രോജക്ടിന്റെ പേര്- അംഗൻവാടികളിൽ കംമ്പോസ്റ്റ് പിറ്റ് നിർമ്മാണം

പ്രോജക്ട് നമ്പർ - SOO214/24

അടങ്കൽ തുക - 7,00,000/-

ചെലവ് തുക - 4,61,301/-(Bill No.476/7.2.24)

എഗ്രിമെന്റ് നമ്പർ - Ag.No.29/AE/LID&EW/PSLA/20202-23 Dtd 29.12.2022

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

പ്രസ്തുത പ്രോജക്ട് പ്രകാരം ഗ്രാമ പഞ്ചായത്തിലെ 12 അംഗൻവാടികളിൽ കംമ്പോസ്റ്റ് പ നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത അംഗൻവാടികളിലെ കമ്പോസ്റ്റ് പിറ്റുകൾ Embook രേഖപ്പെടുത്തിയിരിക്കുന്ന അളുവുകൾ പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഓ അംഗൻവാടികളിലും നാല് റിംഗ് ഉപയോഗിച്ച് മേൽകൂരയോടുകൂടിയ രണ്ട് പിറ്റുകളാ നിർമ്മിച്ചിരിക്കുന്നത്. ഓഡിറ്റിന്റെ ഭാഗമായി, നടത്തിയ സ്ഥല പരിശോധനയിൽ (18.1 11am) 12 അംഗൻവാടികളിലും പിറ്റുകൾ ഉപയോഗിക്കാത്ത നിലയിൽ കണ്ടു. അംഗൻവാ ടീച്ചർ/ആയ എന്നിവരുമായി നേരിട്ട് സംസാരിച്ചതിൽ, പ്രസ്തുത പിറ്റുകൾ എങ്ങനെ/എന്ത ഉപയോഗിക്കണം എന്നത് സംബന്ധിച്ച് അറിവില്ലാത്തതിനാലാണ് ഉപയോഗിക്കാത്തതെന അറിയാൻ സാധിച്ചു. പ്രസ്തുത പിറ്റുകളുടെ ഉപയോഗം സംബന്ധ അവബോധമുണ്ടാക്കുന്നതിനായി ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് വാർഡ് മെമ്പർമ ഐ.സി.ഡി.എസ് സൂപ്പർവൈസർ, എന്നിവർ ശ്രദ്ധ ചെലുത്തേണ്ടതാണ്. പദ്ധ പ്രയോജനക്ഷമമാക്കാൻ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. പ്രോജക്ടിന്റെ പേര് - സ്കൂളുകളിൽ കംമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം

പ്രോജക്ട് നമ്പർ - 233/24

അടങ്കൽ തുക - 5,79,921/-

ചെലവ് തുക - 2,66,747/- (Bill No. 182/11.7.23-89,921/-, Bill No. 183/11.7.23-1,76,826/-)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

പ്രസ്തുത പ്രോജക്ട് പ്രകാരം 6 സ്കൂളുകളിൽ കംമ്പോസ്റ്റ് യൂണിറ്റ് നിർമ്മ മാലിന്യസംസ്കരിക്കുന്നതിന് വേണ്ടി രൂപീകരിച്ചതാണ് പദ്ധതി. പ്രസ്തുത പദ്ധതി പ്രകാ ജി.എൽ.പി.എസ് ആലത്തോട്ടം,ജി.എൽപി.എസ് പരശ്ശുവയ്ക്കൽ, ജി.എൽ.പി.എസ് ഐങ്കാ ജി.എൽ.പി.എസ് ഇഞ്ചിവിള, ജി.എൽ.പി.എസ് കൊടവിളാകം, എൽ.എം.എസ്. എൽ.പി.എ

പളുകൽ എന്നീ സ്കൂളുകളിലാണ് കമ്പോസ്റ്റ് യൂണിറ്റ് നിർമ്മിച്ചിരിക്കുന്നത്. ഓഡിറ്റിന് ഭാഗമായി, നടത്തിയ സ്ഥല പരിശോധനയിൽ (18.10.24 11am) ഐങ്കാമം, ആലത്തോട്ടം എ സ്കൂളുകളിൽ യൂണിറ്റുകൾ നല്ലരീതിയിൽ ഉപയോഗിക്കുന്നു. ജി.എൽ.പി.എസ് കൊടവിളാ എന്ന സ്കൂളിൽ പിറ്റിനുള്ളിൽ വെള്ളം കെട്ടികിടക്കുന്ന രീതിയിൽ കാണപ്പെട്ടു. പ്രസ്തുത മേൽകൂരയോടുകുടിയാണ് നിർമ്മിച്ചിരിക്കുന്നതെങ്കിലും മഴ പെയ്യുമ്പോൾ വെള പിറ്റുനുള്ളിൽ ചിതറിതെറിക്കുന്നതായി സ്കൂൾ അധികൃതർ പരാമർശിച്ചു. കൂടാതെ പിറ്റിനാ ഉപയോഗിച്ചിരിക്കുന്ന രണ്ട് റിംഗുകൾക്കിടയിൽ ചോർച്ചയുള്ളതായും പരാമർശിച്ചു. പ്രസ്ത പ്രവൃത്തിയുടെ ഡിഫക്ട് ലൈബിലിറ്റി പിരീഡ് 2 വർഷം ആയതിനാൽ പ്രസ്ത കാലാവധികുള്ളിലുള്ള തകരാറുകൾ പൂർത്തീകരിച്ച് നല്കുന്നതിന് കരാറുകാരനോ ആവശ്യപ്പെടേണ്ടതാണ്. മറ്റ് സ്കൂളുകളിൽ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനാവാശ്യമാ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-34 ലൈഫ് ഭവനപദ്ധതി - ഭൂരഹിത ഭവനരഹിതർക്കായി പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

ലൈഫ് മിഷൻ 2020 ന്റെ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം (17/08/2022 ലെ 3(1) തീരുമാനം പ്രകാ ഭരണസമിതി അംഗീകരിച്ച ലിസ്റ്റ്) ഭൂമിയില്ലാത്ത ഭവന രഹിതരായി 266 ഗുണഭോക്താക്ക ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ മേൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി പ്രോജ ഒന്നും തന്നെ രൂപീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻകുയറിക്ക് (നം : 30 തിയ :17/10/2024) പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 3 ഗുണഭോക്താക്കൾ സ്വന്തമായി ഭൂ ആർജിച്ചതിനാൽ ഭവന നിർമാണത്തിനുള്ള ആനുകൂല്യം നൽകിയിട്ടുണ്ട്. ഫണ്ടിന് പര്യാപ്തത മൂലമാണ് പ്രോജക്ട് രൂപീകരിക്കാൻ സാധിക്കാത്തതെന്നാണ് മറുപടി ലഭ്യമാക്കിയ പ്രസ്തുത ലിസ്റ്റിൽ 67 പട്ടിക വിഭാഗത്തിൽ ഉൾപ്പെടുന്നവരും 199 ജനറ വിഭാഗത്തിലുൾപ്പെടുന്നവരുമാണുള്ളത്. മേൽ ലിസ്റ്റിലുൾപ്പെടുന്നവർക്കായി പ്രോജക്ട് ഒന രൂപീകരിച്ചിട്ടില്ല. സമൂഹത്തിലെ അശരണരായ ഈ വിഭാഗത്തെയും മേൽധാരയിലേ കൊണ്ടു വരേണ്ടതുണ്ട്. ആയതിനാൽ ഭൂരഹിത ഭവന രഹിതർക്കും ആനുകൂല നൽകുന്നതിനുള്ള പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ

1-35 വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല - ചെലവ് തുക 2,88,000/- തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ	SO126/24
പ്രോജക്ടിന്റെ പേര്	പാഥേയം (എസ്.സി.പി)
അടങ്കൽ	2,88,000/-
ചെലവ്	2,88,000/-
ബിൽ നമ്പർ	01/24 Dtd 3.8.23 തുക – 92,000 385/24.11.23 തുക - 1,96,000
നിർവ്വഹണം	അസി. സെക്രട്ടറി

അഗതികളും 60 വയസിനു മുകളിലുള്ളവർക്കും ഒരു നേരത്തെ ആഹാരം പോല ലഭ്യമാകാത്തവരുമായ വയോജനങ്ങൾക്ക് ഒരു നേരത്തെ പാകം ചെയ്ത ആഹാരം കുടുംബശ വഴി ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്തിന് വിഹിതം നൽകുന്നതിന് വിഭാവനം ചെ പ്രോജക്ട്. ഗ്രാമപഞ്ചായത്ത് 40%, ജില്ലാപഞ്ചായത്ത് 60% എന്ന അനുപാതത്തിൽ ഗുണഭോക്താക്കൾക്ക് തുക വകയിരുത്തിയിരിക്കുന്നു.

മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ 50പേരാണ് ഉൾപ്പെട്ടിട്ടുള്ളത്. ആയത് പ്രകാ 2,92,000 (50x16x365) രൂപ വകയിരുത്തേണ്ടതായിരുന്നു.പ്രോജക്ട് പ്രകാ വകയിരുത്തിയിരിക്കുന്നത് 2,88,000 രൂപ മാത്രമാണ്.

. ജില്ലാ പഞ്ചായത്തിന്റെ Requisition പ്രകാരം 1,96,000/- രൂപയാണ് പാഥേയത്തിന്റെ പഞ്ചായ വിഹിതമിനത്തിൽ ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുള്ളത്. കുടുംബശ്രീയു അക്കൗണ്ട് പരിശോധിച്ചതിൽ പ്രസ്തുത തുക വരവായി ലഭ്യമായിട്ടുണ്ട്. പ്രസ്തുത തുക പേർക്ക് (33x16x365) ഭക്ഷണം നല്കുന്നതിനുള്ള വിഹിതമാണ്.

. ഗ്രാമസഭ അംഗീകരിച്ച 50 പേരടങ്ങുന്ന ഗുണഭോക്തൃലിസ്റ്റ് നിലനിൽക്കേ ഗുണഭോക്താക്കളെ ഒഴിവാക്കി 33 പേർക്ക് ഭക്ഷണം നല്കുന്നതിന് വിഹിതം നല്കിയതിന് കാരണം വ്യക്തമല്ല.

പദ്ധതി അടങ്കലിലെ ആകെ തുകയിൽ 92,000 രൂപ (01/24 Dtd 3.8.23 തുക-92,000) നന്മ SHG എ സ്ഥാപനത്തിനായി ശ്രീമതി.മായ ജയകുമാർ എന്ന വ്യക്തിയുടെ അപേക്ഷ പരിഗണിച്ച് പേർക്ക് ഭക്ഷണം നല്കിയവകയിൽ നേരിട്ട് നല്കിയിട്ടുണ്ട്. പ്രസ്തുത തുക - 25 പേർക്ക് 92 ദിവ ഗ്രാമപഞ്ചായത്ത് വിഹിതം 40 രൂപയായി കണക്കാക്കി (25x40x92) - ഭക്ഷണത്തിനായിട്ടാ ചെലവഴിച്ചത്. പദ്ധതി പ്രകാരം പാകം ചെയ്ത ആഹാരം കുടുംബശ്രീ വഴി ലഭ്യമാക്കുന്നത ജില്ലാ പഞ്ചായത്തിന് വിഹിതം നൽകുന്നതിന് പകരം നന്മ SHG യ്ക്ക് കൈമാറിയതിന് കാരണം വ്യക്തമല്ല. മേൽ സ്ഥാപനം വഴി ഭക്ഷണം നല്കിയിട്ടുള്ളത് അംഗീക ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവരാണോ എന്ന് വ്യക്തമല്ല.

മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻകയറി നമ്പർ 25/24 ന് മറുപടി ലഭ്യമാക്കിയില്ല. മേ പരാമർശങ്ങൾക്ക് മതിയായ വിശദീകരണം/രേഖകൾ ലഭ്യമാക്കാത്തതിനാ വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്താലും ചെലവ് തുക തടസ്സപ്പെടുത്തുന്നു.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

വിഹിതം നൽകിയ സ്ഥാപനം	വർഷം	തൻ വർഷം ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവഴിച്ച തുക	നീക്കിയിരിപ്പ് തുക
ബ്ലോക്ക് പഞ്ചായത്ത്	2023-24	15,368	16/24 കേദാരം സമഗ്ര നെൽകൃഷി വികസനം	15,368	0

		40,000	29/24 ലൈഫ് ഭവന നിർമ്മാണം തുടർ പദ്ധതി (എസ്.സി.പി.)	40,000	0
		22,40,017	21/24 ലൈഫ് 2020 എസ്.സി. ഭവന നിർമ്മാണം തുടർച്ച	22,40,017	0
		8,70,000	20/24 ലൈഫ് 2020 ജനറൽ ഭവന നിർമ്മാണം തുടർച്ച	8,70,000	0
		5,39,875	30/24 സ്നേഹ സ്പർശം	5,39,875	0
		3,00,000	12/24 ക്ഷീര സമൃദ്ധി സബ്സിഡി	3,00,000	0
ആകെ		**40,05,260**		**40,05,260**	**0**

വിഹിതം നൽകിയ സ്ഥാപനം	വർഷം	തൻവർഷം ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവഴിച്ച തുക	നീക്കിയിരിപ്പ് തുക
ജില്ലാ പഞ്ചായത്ത്	2023-24	15,368	16/24 കേദാരം സമഗ്ര നെൽകൃഷി വികസനം	15,368	0
		69,970	5/24 ഹരിതഭവനം	69,970	0
		40,000	29/24 ലൈഫ് ഭവന നിർമ്മാണം തുടർ പദ്ധതി (എസ്.സി.പി.)	40,000	0
		14,80,000	21/24 ലൈഫ് 2020 എസ്.സി. ഭവന നിർമ്മാണം ജനറൽ തുടർച്ച	14,80,000	0
		2,15,000	308/24 ഭൂരഹിതർക്ക് ഭൂമി	2,15,000	0
		40,000	23/24 ലൈഫ് അഡീഷണൽ ലിസ്റ്റ് എസ്.സി. ഭവന നിർമ്മാണം തുടർച്ച	40,000	0
		30,000	28/24 ലൈഫ് 2020 ജനറൽ ഭവന നിർമ്മാണം തുടർച്ച	30,000	0
		2,80,000	239/24 അതിദരിദ്രർക്ക് ലൈഫ് ഭവന നിർമ്മാണം ജനറൽ	2,80,000	0
		5,39,875	30/24 സ്നേഹ സ്പർശം	5,39,875	0
		1,00,225	12/24 ക്ഷീര സമൃദ്ധി പാലിന് സബ്സിഡി	1,00,225	0
		50,00,000	20/24 ലൈഫ് 2020 ജനറൽ – ഭവന നിർമ്മാണം തുടർച്ച	50,00,000	0
ആകെ		**78,10,438**		**78,10,438**	**0**

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	തൻവർഷം ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി.	76/24, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	10,77,100	0	10,77,100
	51/24, ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിങ്ങ്	93,155	0	93,155
കേരള വാട്ടർ അതോറിറ്റി	248/24, പരുത്തിയറയ്ക്കൽ ആലത്തറയ്ക്കൽ ജലപാത നിർമ്മാണം	3,50,000	0	3,50,000
	246/24, ചരിഞ്ഞകാല മുതൽ പിണറക്കാല വരെ റോഡ് മെറ്റലിംഗ് ആന്റ് ടാറിംഗ്	5,00,000	0	5,00,000
	297/24, കല്ലുവിള കുന്നുവിള നടപ്പാത കോൺക്രീറ്റ്	2,50,000	0	2,50,000
	249/24, കൊല്ലിയോട് മൃഗാശുപത്രി മെറ്റലിംഗ് ആന്റ് ടാറിംഗ്	8,50,000	0	8,50,000
	247/24, ഒറ്റാമരം കോപ്പിലാവിള റോഡ് മെറ്റലിംഗ്	4,95,000	0	4,95,000
അനർട്ട്	93/24, ഘടക സ്ഥാപനങ്ങളിൽ സോളാർ സ്ഥാപിക്കൽ	14,44,250	0	14,44,250

വാർഷിക ധനകാര്യ പത്രിക പ്രകാരം

നിർവഹണ ഏജൻസി	മുന്നിരിപ്പ്	2023-24 ലെ നിക്ഷേപം	ആകെ	വിനിയോഗ സാക്ഷ്യപത്രം ലഭ്യമായത്	നീക്കിയിരിപ്പ്	നീക്കിയിരിപ്പ് (B-18 ഷെഡ്യൂൾ)
KSEB	1,07,21,335	11,70,256	1,18,91,591	0	1,18,91,591	1,13,41,075
KWA	12,35,406	24,45,000	36,80,406	0	36,80,406	12,35,406
ANERT	0	14,44,250	14,44,250	0	14,44,250	14,44,250

1) കേരള വാട്ടർ അതോറ്റിയ്ക്ക് നൽകിയ തുക ഡെപ്പോസിറ്റ് ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) KSEB യ്ക്ക് നൽകിയ തുകയിൽ 5,50,515/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായതാ ജേണൽ എൻട്രി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിനു ലഭ്യമാക്കിയില്ല.

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-4 വായ്പ / വായ്പ തിരിച്ചടവ്

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ / തീയതി	തൻവർഷത്തെ വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ	തൻവർഷം തിരിച്ചടച്ച തുക	വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള

		(AFS പ്രകാരം) RP-31	ബാക്കിയുണ്ടായിരുന്ന തുക	(സുലേഖ പ്രകാരം)	തുക B5-ഷെഡ്യൂൾ
ലൈഫ് മിഷൻ ലോൺ (KURDFC)		6,27,21,759	7,25,86,449	66,18,846	12,47,66,238

AFS പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, തിരിച്ചടവ്, നീക്കിയിരിപ്പ് ഇവ പൊരുത്തപ്പെടുന്നില്ല.

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി വിവരങ്ങൾ

ഇല്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	4,29,36,807
ഓഡിറ്റ് വർഷത്തെ വരവ്	17,91,09,364
ഓഡിറ്റ് വർഷത്തെ ചെലവ്	15,20,68,920
നീക്കിയിരിപ്പ്	6,99,77,251
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	77,58,265

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
ഇല്ല		

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-23	2,45,000	ശ്രീമതി. സോണികൃഷ്ണ, മെഡിക്കൽ ഓഫീസർ, പി.എച്ച്.എസി.
1-26	10,00,225	ശ്രീമതി രമ്യ, ഡയറി ഫാം ഇൻസ്ട്രക്ടർ
1-28	4,56,000	ശ്രീ. ബി. കെ. കൃഷ്ണകുമാർ, സെക്രട്ടറി
1-29	57,24,140	ശ്രീ. ബി. കെ. കൃഷ്ണകുമാർ, സെക്രട്ടറി
1-30	44,900	ശ്രീ. സാംജി ഇ. ആർ, അസിസ്റ്റന്റ് സെക്രട്ടറി
1-35	2,88,000	(92,000/-) – ശ്രീ. അഭയൻ .ബി, അസിസ്റ്റന്റ് സെക്രട്ടറി

		(1,96,000/-) – ശ്രീ. സാംജി ഇ. ആർ, അസിസ്റ്റന്റ് സെക്രട്ടറി
ആകെ – 77,58,265		

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി സോണികൃഷ്ണ, മെഡിക്കൽ ഓഫീസർ, പി.എച്ച്.എസി.	മെഡിക്കൽ ഓഫീസർ, പി.എച്ച്.എസി.	അമ്പാടി, വട്ടവിള, കോട്ടുകാൽ പി.ഒ
ശ്രീമതി രമ്യ, ഡയറി ഫാം ഇൻസ്ട്രക്ടർ	ഡയറി ഫാം ഇൻസ്ട്രക്ടർ, നേമം ബ്ലോക്ക്	അളകാപുരി, ശാസ്താംതല, വെൺപകൽ, വെൺപകൽ പി.ഒ, ഫോൺ – 7012819958
ശ്രീ. ബി. കെ. കൃഷ്ണകുമാർ, സെക്രട്ടറി	സെക്രട്ടറി, പാറശ്ശാല ഗ്രാമപഞ്ചായത്ത്	സാന്ത്വനം, റെയിൽവേ സ്റ്റേഷൻ റോഡ്, ഇഞ്ചിവള, ഫോൺ – 9447890920
ശ്രീ. സാംജി ഇ. ആർ, അസി. സെക്രട്ടറി	അസി. സെക്രട്ടറി, പാറശ്ശാല ഗ്രാമപഞ്ചായത്ത്	പുതുവൽപൊറ്റ, കീഴ്കൊല്ല, വട്ടവിള പി.ഒ.
ശ്രീ. അഭയൻ .ബി, അസിസ്റ്റന്റ് സെക്രട്ടറി	അസിസ്റ്റന്റ് സെക്രട്ടറി, കൊളച്ചേരി ഗ്രാമപഞ്ചായത്ത്, കണ്ണൂർ	അഭയസദനം, കുന്നത്തുകാൽ, എള്ളുവിള .പി.ഒ

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2003-04	കെ.എസ്.എ.റ്റി.വി.എം/ജിപി.1/805/2022 തീയതി. 20.10.2022	1
2008-09	കെ.എസ്.എ.റ്റി.വി.എം/ജിപി.1/805/2022 തീയതി. 20.10.2022	1
2010-11	കെ.എസ്.എ.റ്റി.വി.എം/ജിപി.1/805/2022 തീയതി. 20.10.2022	3
2011-12	കെ.എസ്.എ.റ്റി.വി.എം/ജിപി.1/805/2022 തീയതി. 20.10.2022	5
2013-14	കെ.എസ്.എ.റ്റി.വി.എം/ജിപി.1/805/2022 തീയതി. 20.10.2022	1

2014-15	കെ.എസ്.എ.റ്റി.വി.എം/ജിപി.1/805/2022 തീയതി. 20.10.2022	2
2016-17	കെ.എസ്.എ.റ്റി.വി.എം/ജിപി.1/805/2022 തീയതി. 20.10.2022	3
2017-18	കെ.എസ്.എ.റ്റി.വി.എം/ജിപി.1/234/2018 തീയതി. 03.09.2019	36
2018-19	കെ.എസ്.എ.റ്റി.വി.എം/ജിപി.1/2195/2019 തീയതി. 26.02.2021	35
2019-20	കെ.എസ്.എ.റ്റി.വി.എം/ജിപി.1/1799/2021 തീയതി. 26.02.2021	38
2020-21	കെ.എസ്.എ.റ്റി.വി.എം/ജിപി.1/794/2022 തീയതി. 26.11.2022	47
2021-22	കെ.എസ്.എ.റ്റി.വി.എം/ജിപി.1/1930/2022 തീയതി. 11.01.2023	45
2022-23	കെ.എസ്.എ.റ്റി.വി.എം/ജിപി.1/1494/2023 തീയതി. 08.11.2023	19

ഡെപ്യൂട്ടി ഡയറ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപു
കേരള സംസ്ഥാന ഓഡിറ്റ് വക

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 5(1) dated 5(1) dated 24-05-2024 and submitted on 15-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Parassala Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Parassala Grama Panchayat as on 31-03-2024

Date: 20/12/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Parassala Grama Panchayat for the Year 2023-2024.

1.Major Observations

Nil

2.Other Observations

1) Mandatory financial statements prescribed in accounting rules are not submitted for audit.

(Annual Ratios and Notes on Accounts as per rule 62-2 (f) of Kerala Panchayat Raj Accounts Rules, 2011 are not filed with the annual financial statements).

2) Cash flow statement- Net increase/decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.

3) Demand, collection, balance as per the register of Rent of buildings does not match with Annual financial statement.

4) The amount due under Receivable of Govt. Redemption shown in AFS (2,52,97,896/-) does not match with the amount shown in Treasury Statement (2,52,37,611/-).

5) Amount used for asset creation using specific grant & own fund not transferred to Capital contribution and treated as revenue expenditure.

6) As per reconciliation statement of Canara Bank Account (120024179260) for March 2024 Rs. 4,619/- has been recorded as cheque deposited but not cleared. But the cheque number/voucher details not recorded.

7) Documents confirming the authenticity of the information regarding the monthly reconciliation statement of SBI e-payment account (00000067387623450) were not provided.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്